

The Malankara Orthodox Syrian Church

# GREGORIAN VOICE

2010 JULY 15
VOL. 1 ISSUE. 3

OFFICIAL ONLINE JOURNAL JULY 1-15



E-mail: editor@gregorianvoice.com, Website: www.gregorianvoice.com Ph: 0479-2312328, 2312202, Mob: 9447277690


## മലങ്കര ഓർത്തഡോക്സ് സഭയുടെ പരമാധ്യക്ഷൻ



പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ കാതോലിക്കാ ബാവാ

## മഹാ പുരോഹിത സന്ദേശം

വാത്സല്യമക്കളെ!

മനുഷ്യന്റെ ജീവിതം ഒരു യാത്രയാണ്. അങ്ങനെയാണെങ്കിൽ ആ യാത്രയ്ക്ക് ഒരു ലക്ഷ്യമുണ്ട്, ഒരു അന്ത്യമുണ്ട്. യാത്രക്കാരുടെ ആത്മാർത്ഥമായ ആഗ്രഹം യാത്ര സുഗമമായിരിക്കണമെന്നായിരിക്കുമല്ലോ. യാത്രയിൽ ആപത്തോ തദനുരൂപമായ പ്രതിബന്ധങ്ങളോ ഇല്ലാതെ ലക്ഷ്യസ്ഥാനത്ത് എത്തിച്ചേരണം. അതുപോലെ ജീവിത യാത്രയിലും സുരക്ഷിതത്വം ഉണ്ടായിരിക്കണമെന്നാണല്ലോ യാത്രക്കാരന്റെ ആഗ്രഹം. ഇത് നിവർത്തിയാകുന്നതിന് പ്രഥമവും പ്രധാനവുമായ ഒരു കാര്യം ജീവിതത്തെക്കുറിച്ച് അവന് അനല്പമായ അറിവുണ്ടായിരിക്കണമെന്നുള്ളതാണ്. ദൈവവും മനുഷ്യനുമായുള്ള ബനധം ക്രിസ്തീയ വീക്ഷണത്തിലും വിശ്വാസത്തിലും ദൈവം സ്രഷ്ടാവും മനുഷ്യൻ സൃഷ്ടിയുമാണെന്നുള്ള അതിപ്രധാനമായ ഒരു അവബോധമാണ്. വി.വേദപുസ്തകത്തിന്റെ അടിസ്ഥാനത്തിൽ ചിന്തിക്കുമ്പോൾ മനുഷ്യൻ ദൈവത്തിന്റെ സാദൃശ്യത്തിലും സ്വരൂപത്തിലും സൃഷ്ടിക്കപ്പെട്ടിരിക്കുന്നുവെന്നു കാണാം.

അപ്പോ.പ്ര.17:25ൽ "ദൈവം എല്ലാവർക്കും ജീവനും ശ്വാസവും സകലവും നൽകുന്നവനുമാകുന്നു" എന്നു പറയുന്നു. "ആകയാൽ അവനിലല്ലോ നാം ജീവിക്കുകയും ചരിക്കുകയും ഇരിക്കുകയും ചെയ്യുന്നത്" (അപ്പോ.പ്ര 17:28) ഇതിൽ നിന്നും ദൈവം നമ്മുടെ ജീവിതദാതാവാണെന്നും അവൻ നമ്മെ ജീവനോടെ കാക്കുന്നുവെന്നും നമുക്ക് മനസ്സിലാക്കാം. ആകയാൽ നമ്മുടെ ജീവൻ ദൈവത്തിന്റെ ദാനമാണെന്ന് നാം വിശ്വസിക്കേണ്ടിയിരിക്കുന്നു. ഈ ദാനം സ്വീകരിച്ചുകൊണ്ട് എന്താണ് നാം ചെയ്യേണ്ടതെന്നു ചിന്തിക്കണം. അപ്പോൾ ദൈവപ്രകൃതിയുടെ അംഗമായിത്തീരുന്നതിന് ആവശ്യമായ രീതിയിൽ അവൻ ജീവിതം നയിക്കേണ്ടതാണെന്ന നിഗമനത്തിൽ എത്തിച്ചേരാം.

ജീവിതം വിലപ്പെട്ടതാകുന്നു:- മനുഷ്യജീവിതം അവന്റെ ജീവനേക്കാൾ വിലപ്പെട്ടതാകുന്നുവെന്ന് കർത്താവ് കല്പിക്കുന്നു. "ആഹാരത്തേക്കാൾ ജീവനും, ഉടുപ്പിനേക്കാൾ ശരീരവും വലുതല്ലോ" (വി.ലൂക്കോ. 12:23). ഈ സനാതനതത്വം ഇന്നത്തെ ലോകത്തിന് സ്വീകാര്യമാകുമോ? തീർച്ചയായും ഇല്ല എന്നു പറയുന്നതിൽ തെറ്റില്ലെന്നു തോന്നുന്നു. ആകയാൽ ദൈവത്തെക്കുറിച്ചു അതിപ്രസരം ഇന്ന് മനുഷ്യനെ ഗ്രസിച്ചിരിക്കുന്നു. ആകയാൽ ദൈവത്തെക്കുറിച്ചുള്ള ചിന്തയും ആത്മീയ ജീവിതത്തെക്കുറിച്ചുള്ള വിശ്വാസവും തീക്ഷ്ണതയും മനുഷ്യന് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. ദൈവം ഏതുമില്ല എന്നൊരു ചിന്താഗതിയാണ് മനുഷ്യനെ ഭരിക്കുന്നത്. അപ്പോസ്തോലനായ പൗലോസ് പയുന്നത് "എങ്കിലും ഞാൻ എന്റെ പ്രാണനെ വിലയേറിയതായി എണ്ണുന്നില്ല. എന്റെ ഓട്ടവും ദൈവകൃപയുടെ സുവിശേഷത്തിന് സാക്ഷ്യം പറയേണ്ടതിന് കർത്താവായ യേശു തന്ന ശുശ്രൂഷയും തികയ്ക്കേണം എന്നേ എനിക്കുള്ളു" (അപ്പോ.പ്ര 20:24). വി.പൗലോസ് ശ്ലീഹായുടെ ഈ ചിന്താഗതി അദ്ദേഹം തന്റെ ജീവിതംകൊണ്ട് ലോകത്തിന് കാണിച്ചുകൊടുത്തു. നാം ഓരോരുത്തരും ഇന്ന് ആത്മീയത്തെക്കുറിച്ച് വാതോരാതെ സംസാരിക്കുമെങ്കിലും ഫലത്തിൽ ആത്മീയത കൈമോശം വന്നവരെപ്പോലെയല്ലേ ജീവിക്കുന്നത്. മനുഷ്യായുസ്സിനെക്കുറിച്ച് ചിന്തിക്കുമ്പോൾ അത് ദൈവ വാഗ്ദത്തമുള്ളതാണെന്നു വി.വേദപുസ്തകത്തിൽ നിന്നും നമുക്ക് മനസ്സിലാക്കുവാൻ സാധിക്കും. ദൈവം കല്പിച്ച് യിസ്രായേൽ മക്കൾക്ക് നൽകുന്ന പത്തു കല്പനകളിൽ അഞ്ചാമത്തേത് വാഗ്ദാനത്തോടുകൂടിയ കല്പനയാകുന്നു. "നിന്റെ ദൈവമായ യഹോവ നിനക്കു തരുന്ന ദേശത്ത് തനിക്ക് ദീർഘായുസ്സുണ്ടാകാൻ നിന്റെ അപ്പനെയും അമ്മയെയും ബഹുമാനിക്ക്" (പുറ 20:12). വീണ്ടും ആവർത്തനപുസ്തകം 5:33-ൽ നാം ഇപ്കാരം വായിക്കുന്നു. "നിങ്ങൾ ജീവിച്ചിരിക്കേണ്ടതിനും നിങ്ങൾക്ക് നന്നായിരിക്കേണ്ടതിനും നിങ്ങൾ കൈവശമാക്കുന്ന ദേശത്ത് ദീർഘായുസ്സോടെയിരിക്കേണ്ടതിനും നിങ്ങളുടെ ദൈവമായ യഹോവ നിങ്ങളോട് കല്പിച്ചിട്ടുള്ള എല്ലാ വഴിയിലും നടന്നുകൊൾവിൻ". ഇതിൽ നിന്നെല്ലാം നാം മനസ്സിലാക്കേണ്ടത് വിലയേറിയ ഒരു ജീവിതം നയിക്കാൻ ഒരു യഥാർത്ഥ ക്രിസ്ത്യാനി കടപ്പെട്ടവനാകുന്നുവെന്നാണ്. ഈ ഉത്തരവാദിത്തം നിറവേറ്റാൻ മനസ്സുവെയ്ക്കാതെ വെറും ലൗകികരായി ജീവിക്കുന്ന മനുഷ്യന്റെ ഗതി എത്ര കഷ്ടതരമാണെന്ന് കർത്താവു തന്നെ ധനവാന്റെയും ലാസറിന്റെയും കഥ ഉദ്ധരിച്ചുകൊണ്ട് പറയുന്നത് നാം വായിക്കുന്നുണ്ടല്ലോ. ലോകസുഖങ്ങൾക്ക് അടിമപ്പെട്ട് സുഖലോലുപനായി ജീവിക്കുന്ന ധനവാന്റെ അന്ത്യം എങ്ങനെയായിരുന്നുവെന്നും ദരിദ്രനായി ജീവിച്ച ലാസറിന്റെ അന്ത്യം എങ്ങനെയായിരുന്നുവെന്നും ആ ഉപമയിൽ കർത്താവ് വിവരിക്കുന്നത് ഭൗതികതയുടെ അതിപ്രസരത്തിൽ മുഴുകി ജീവിക്കുന്ന മനുഷ്യന് ഒരു ചൂണ്ടുപലകയാണ്. ഓരോ ദിവസത്തെയും ജീവിതം നമ്മെ കടന്നുപോകുന്നു. ആ ജീവിതം എങ്ങനെ കടന്നുപോകുന്നുവെന്ന് ബുദ്ധിമാനായ മനുഷ്യൻ ചിന്തിക്കുമെന്നതിന് സംശയമില്ല.

ജീവിതത്തെ വ്യാപാരത്തോട് സാദൃശ്യപ്പെടുത്താറുണ്ടല്ലോ. വ്യാപാരം ലാഭകരമായിരിക്കാൻ വ്യാപാരി എപ്പോഴും ബദ്ധശ്രദ്ധനായിരിക്കും. അല്ലെങ്കിൽ നഷ്ടം സംഭവിക്കാൻ വളരെ സാദ്ധ്യതകൾ ഉണ്ടാകും. ഇതുപോലെ ജീവിത വ്യാപാരവും ലാഭകരമായിരിക്കാൻ മനുഷ്യൻ ശ്രദ്ധിക്കേണ്ടതാണ്. ഓരോ ദിവസത്തെയും ജീവിതം സ്വയരിശോധനയ്ക്ക് വിധേയമാക്കി അന്നന്നത്തെ ലാഭവും നഷ്ടവും കണക്കാക്കേണ്ടതാണ്. നഷ്ടമാണെന്നു ബോധ്യപ്പെട്ടാൽ മാത്രമേ ആ നഷ്ടം പരിഹരിച്ച് ലാഭമുണ്ടാക്കുന്നതിന് സാധിക്കുകയുള്ളു. ചുരുക്കത്തിൽ ബുദ്ധിമാനായ ഒരു വ്യാപാരി തന്റെ വ്യാപാരം എങ്ങനെ ലാഭകരമാക്കാൻ പരിശ്രമിക്കുന്നുവോ അതുപോലെ തന്നെ ജീവിതവ്യാപാരം ലാഭകരമാക്കിത്തീർക്കുന്നതിന് ഒരു ക്രിസ്ത്യാനി ശ്രദ്ധിക്കേണ്ടതാണ്.

**ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ കാതോലിക്കാ ബാവാ**

*15 - 07 - 2010*

## സൗദി അറേബ്യയിലെ ഒ. വി. ബി. എസ് : മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ സമാപന സന്ദേശം നൽകി

സൗദി അറേബ്യയിലെ ഒ. വി. ബി. എസ്. കുട്ടികൾക്ക് ഡോ. ഗീവറുഗീസ് മാർ ഒസ്താത്തിയോസ് ജൂലൈ 9 -ാം തീയതി ഇൻഡ്യൻ സമയം 2.30 ന് സമാപന സന്ദേശം നൽകി. പരുമല സെമിനാരിയിലെ സ്ററുഡിയോയിൽ ഇരുന്നുകൊണ്ട് ഗ്രീഗോറിയൻ വെബ് ടി. വി യിലൂടെയാണ് സമാപന പ്രസംഗം നടത്തിയത്. പരുമല സെമിനാരി മാനേജർ എം.ഡി.യൂഹാനോൻ റമ്പാൻ ആശംസകൾ നേർന്നു. സൺഡേസ്ക്കൂൾ ഡയറക്ടർ ജനറൽ ഫാ. ഡോ. ഒ. തോമസ് മുഖ്യ പ്രഭാഷണം നടത്തി. സൗദി അറേബ്യയിലെ അനേകം കുട്ടികൾ ഒ. വി. ബി. എസ്. പങ്കെടുത്തിരുന്നു.

Editorial

# പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസ്യോസ് II – മലങ്കര സഭയുടെ ഉജ്ജ്വല തേജസ്സ്



നാലു പതിറ്റാണ്ടിലേറെ മലങ്കര സയുടെ നേതൃത്വം വഹിച്ച പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസ്യോസ് രണ്ടാമൻ ആധുനിക മലങ്കര സഭയുടെ ശില്പിയും കുത്തഴിഞ്ഞു കിടന്ന ഒരു സമൂഹത്തിന്റെ സാമൂഹിക പരിഷ്കർത്താവുമായിരുന്നു. അദ്ദേഹത്തിന്റെ 101-ാ മത് ഓർമ്മ പെരുന്നാൾ ആഘോഷിക്കുന്ന വേളയിൽ ബാറാസീറായുടെ (Bara Sirah) പുസ്തകം 44-ാം അദ്ധ്യായം ഒന്നു മുതൽ 11 വരെയുള്ള വാക്യങ്ങൾ വളരെ പ്രസക്തമണ്. ഗ്രീക്കു സംസ്കാരത്തിന്റെ കടന്നു കയറ്റത്തിൽ ചിരപുരാതനമായ യഹൂദ വിശ്വാസവും സംസ്കാരവും നഷ്ടപ്പെട്ടു പോകുമെന്നു സംശയിച്ച സിറാഖിന്റെ മകൻ യേശു ബാറസീറാ ക്രിസ്തുവിനു മുമ്പ് 190ലാണ് ബാറാസീറാ ഗ്രന്ഥം ചമച്ചത്. 44-ാം അധ്യായം മുതൽ യഹൂദ പാരമ്പര്യത്തിലെ അത്യുജ്ജ്വല തേജസ്സായിരുന്ന പിതാക്കന്മാരെ ഓർക്കുന്നതിന്റെ പ്രാരംഭമായിട്ടാണ് മുകളിൽ പറഞ്ഞ വേദഭാഗം എഴുതിയത്. രാജാക്കന്മാരായിട്ടും പ്രവാചകന്മാരായിട്ടും ഗാനരചയിതാക്കളായിട്ടും വിശ്വാസ സംരക്ഷകരായിട്ടും പ്രശോഭിച്ച 25ൽ പരം പിതാക്കന്മാരെ ഓർക്കുമ്പോൾ യേശു ബാറാസീറാ പറയുന്നു. "കൃപയും പുണ്യവും ലഭിച്ച ആ മനുഷ്യരുടെ ഭാഗ്യാവസ്ഥ ഒരിക്കലും അവസാനിക്കുകയില്ല. അവരുടെ സന്തതിയോടുകൂടി അവരുടെ ഭാഗ്യവും നിലനിൽക്കുന്നു. അവരുടെ വേരായ മക്കളുടെ മക്കൾ വരെയും തന്നെ...അവരുടെ നാമം തലമുറതലമുറയായി സജീവമായിരിക്കുന്നു" (ബാറാസിറാഖ് 44:7-11).

ആംഗല സംസ്കാരത്തിന്റെ തള്ളിക്കയറ്റത്തിനിടയിൽ സഭയുടെ ഭൗതികവും ആത്മീകവുമായ വളർച്ചയ്ക്ക് നിർണ്ണായകമായ സംഭാവനകൾ നൽകിയ ഒരു പിതാവിനെയാണ് മലങ്കര സഭ ഇന്ന് അനുസ്മരിക്കുന്നത്. നർഭഗ്യവശാൽ അദ്ദേഹത്തിന്റെ സംഭാവനകൾ ഇന്നത്തെ തലമുറ മറന്നുപോകന്നു.

പുലിക്കോട്ടൽ ജോസഫ് മാർ ദിവന്നാസ്യോസ് രണ്ടാമനെ കുറിച്ച് നാം ചിന്തിക്കുമ്പോൾ പ്രഥമമായി ഓർക്കേണ്ട ഒരു സംഗതി മലങ്കര സഭയ്ക്ക് ഒരു ജനാധിപത്യ ഭരണ സംവിധാനം ഉണ്ടാക്കിയത് സഭാ തേജസ്സായ പുലിക്കോട്ടിൽ തിരുമേനിയായിരുന്നു എന്നതാണ്. 1873ൽ പരുമലയിൽ കൂടിയ മഹാ സമ്മേളനമാണ് ഒന്നാമത്തെ മലങ്കര അസോസിയേഷൻ. അദ്ദേഹം 1909ൽ കാലം ചെയ്യുന്നതു വരെയുള്ള കാലഘട്ടത്തിൽ പത്തു തവണയാണ് അസോസിയേഷൻ സമ്മേളിക്കുകയും സഭയുടെ അടിസ്ഥാന വിഷയങ്ങളെ സംബന്ധിച് ചർച്ച ചെയ്തു ഉചിതമായ തീരുമാനങ്ങൾ എടുക്കുകയും ചെയ്തത്. പ്രമുഖർക്ക് നേതൃനിരയിൽ നിന്ന് പ്രവർത്തിക്കാനുള്ള അവസരം നൽകിയ ഈ പിതാവ് കാലത്തിനു മുമ്പെ ഓടിയ വ്യക്തിയായിരുന്നു. തന്നെയുമല്ല, സഹോദര ക്രിസ്ത്യാനിളെ കൂടി സംഘടിപ്പിച്ച് ആരംഭിച്ച "ജാത്യൈക സംഘം" കേരളക്കരയിലെ ഒന്നാമത്തെ സമുദായ സംഘടനയാണ്. ഇന്ന് പ്രബലന്മാരായിരിക്കുന്ന മറ്റ് മത സംഘടനകളൊക്കെ ജാത്യൈക സംഘത്തിന്റെ പിന്തുടർച്ചക്കാരാണ്.

പുലിക്കോട്ടിൽ തിരുമേനി ഓർക്കപ്പെടേണ്ട രണ്ടാമത്തെ സംഗതി മലങ്കരയുടെ വിശ്വാസവും പാരമ്പര്യവും പരിരക്ഷിക്കുന്നതിൽ കാട്ടിയ ശുഷ്ക്കാന്തിയാണ്. വെറും 20 വയസുണ്ടായിരുന്ന കാലത്താണ് അദ്ദേഹം കുന്നംകുളത്ത് "പുലിക്കോട്ടിൽ ജോസഫ് കത്തനാഴ്സ് പ്രസ്" ആരംഭിച്ച് സയുടെ നമസ്ക്കാരങ്ങളും പ്രാർത്ഥനകളും അച്ചടിച്ച് ഇടവകകൾ തോറും കയറിയിറങ്ങി വിതരണം ചെയ്തത്. യൂറോപ്യൻ മിഷനറിമാരുടെ വിശ്വാസത്തിന്റെ മാസ്മര ശക്തിയിൽ മയങ്ങിപ്പോയ അബ്രഹാം മൽപ്പാനും പാലക്കുന്നത്ത് മാത്യൂസ് അത്താനാസിയോസും ഒക്കെ വികലമാക്കിയ വി. കുർബ്ബാന തക്സായും, കുർബ്ബാനക്രമവും സഭയുടെ പുരാതന വിശ്വാസത്തെ തള്ളിക്കളഞ്ഞുകൊണ്ടിരുന്ന കാലഘട്ടത്തിലാണ് ഈ പിതാവ് വിശ്വാസ സംരക്ഷണത്തിന്റെ ഉത്തരവാദിത്തം സ്വയം ഏറ്റെടുത്തത്. വിശ്വാസത്തിന്റെ അടിസ്ഥാന തത്വങ്ങളെ ചോദ്യം ചെയ്ത് മാറ്റത്തിനുവേണ്ടി പ്രോട്ടസ്റ്റന്റ് വിശ്വാസം സ്വാംശീകരിക്കുന്നതിനെയാണ് പുലിക്കോട്ടിൽ തിരുമേനി എതിർത്തത്.

വൈദികരുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിൽ പുലിക്കോട്ടിൽ തിരുമേനി നിർണ്ണായക സംഭാവനകളാണ് നൽകിയത്. വെട്ടിക്കൽ, പരുമല, കുന്നംകുളം, കോട്ടമുറി ന്നിവിടങ്ങളിൽ സ്ഥാപിക്കപ്പെട്ട ദയറാകളും സെമിനാരികളും സഭയ്ക്ക് പുതിയൊരു മുഖം തന്നെ നൽകി. 1900ൽ ആരംഭിച്ച വൈദീക സംഘം ഒരു നൂറ്റാണ്ട് പൂർത്തിയാക്കി കഴിഞ്ഞു. ചാത്തുരുത്തി മെത്രാനെന്നറിയപ്പെട്ട പരുമല തിരുമേനിയെ പ്രോത്സാഹിപ്പിക്കുകയും മലങ്കര സഭയുടെ തെക്കൻ ഭാഗത്തെ ആത്മീയ പ്രവർത്തനങ്ങക്ക് നിയോഗിക്കുകയും ചെയ്തു. പത്രോസ് ഒസ്താത്തിയോസ് തിരുമേനിയെ പോലുള്ളവരെ കണ്ടെത്താനും പുലിക്കോട്ടിൽ തിരുമേനിക്ക് സാധിച്ചു.

പുസ്തക പ്രസാധന രംഗത്ത് പുലിക്കോട്ടിൽ തിരുമേനി ചെയ്ത സേവനങ്ങൾ വളരെ വലുതാണ്. "ഒരു പരദേശയാത്രയുടെ കഥ" എന്ന ഗ്രന്ഥം മലയാളത്തിലെ ആദ്യകാല യാത്രാവിവരണങ്ങളിലൊന്നാണ്. "കേരള പതാക" എന്ന ദ്വൈവാരികയും "ഇടവകപത്രിക" എന്ന പ്രസിദ്ധീകരണവും ആരംഭിച്ച തിരുമേനി മലയാള മനോരമ എന്ന വടവൃക്ഷം നട്ടുപിടിപ്പിച്ച പ്രഗത്ഭരിൽ ഒന്നാമനാണ്.

അവസാനമായി, പുലിക്കോട്ടിൽ തിരുമേനിയെ സാമാന്യ ജനങ്ങൾ അറിയുന്നതു തന്നെ എം.ഡി.സെമിനാരി സ്ഥാപകനായിട്ടാണ്. 250-ൽ പരം പ്രഥമ വിദ്യാലയങ്ങൾ കാസർക്കോട്ടു മുതൽ കൊല്ലം വരെയുള്ള പ്രദേശങ്ങളിൽ ആരംഭിച്ച തിരുമേനി കേരളത്തിലെ ഒരു സാമൂഹിക പരിഷ്ക്കർത്താവായി ബഹുമാനിക്കപ്പെടേണ്ടയാളാണ്.

തന്റെ അംശവടിയും സ്ലീബായും പണയം വച്ചു പോലും സ്കൂളുകൾ തുടങ്ങിയ ഈ പിതാവിനെ നാം മറന്നുപോയതെന്തുകൊണ്ട്?. പത്രോസ് ത്രിതീയൻ ബാവായെ മലങ്കരയിൽ ക്ഷണിച്ചു വരുത്തിയത് കൊണ്ടാണോ? ഇതിനെ ഒരു മഹാപാതകമായി ചില ചരിത്രകാരന്മാർ ചൂണ്ടിക്കാട്ടുന്നു. അവരോട് ദയവായി ചോദിക്കട്ടെ; മറ്റെന്തായിരുന്നു അന്നത്തെ മലങ്കര സഭയുടെ മുൻപിലുണ്ടായിരുന്ന പോംവഴികൾ? പ.പാത്രിയർക്കീസ് ബാവാ തന്നെ അന്ന് മലങ്കരയിലെത്തിയില്ലായിരുന്നെങ്കിൽ ഇന്നത്തെ മലങ്കര സഭയുടെ സ്വഭാവം എന്തായിരുന്നേനേ?.

**ഫാ. ഡോ. റജി മാത്യു**
*(ചീഫ് എഡിറ്റർ)*


## EDITORIAL BOARD

**PRESIDENT**
**H.B. Paulose Mar Milithios**
*Catholicos Designate*

**VICE - PRESIDENTS**
**Dr. Yuhanon Mar Chrisostomos**
**Dr. Zacharia Mar Aprem**

**CHIEF EDITOR**
**Fr. Dr. Reji Mathews**

**MANAGING EDITOR**
**Fr. M.D. Yuhanon Ramban**

**EDITORS**
**Fr. Yuhanon John *(Head Quarters)***
**Asish Punnoose *(Outside India)***

**SUB EDITORS**
**Fr. E.M. Philip**
**Dr. Siby Tharakan**
**Jacob Oommen**

**MEMBERS**
**Fr. Alexander Abraham**
**Fr. P.A. Philip**
**Fr. Thomas Amayil**
**Thomas Kuruvila**
**Dr. Saramma Varghese**
**Priya Jacob**
**Adv. Jaicy Karingattil**


# ഡാളസ്സിൽ ഹൈസ്ക്കൂൾ ഗ്രാജ്വേറ്റ്സിനെ അനുമോദിച്ചു



ഡാളസ്സിലെ ഗാർലന്റ് സെന്റ് ഗ്രിഗോറിയോസ് ഓർത്തഡോക്സ് ദേവാലയത്തിൽ 2009-2010 അധ്യയനവർഷം ഹൈസ്ക്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ ഇടവകാംഗങ്ങളായ വിദ്യാർഥികളെ ഇടവക അനുമോദിച്ചു. അമേരിക്കയുടെ സ്വാതന്ത്ര്യ ദിനമായ ജൂലൈ നാലാം തീയ്യതി ഞായറാഴ്ച വികാരി ഫാ. രാജു എം. ഡാനിയേൽ വിശുദ്ധ കുർബ്ബന അർപ്പിച്ചു. വികാരിയുടെ അധ്യക്ഷതയിൽ കൂടിയ അനുമോദന യോഗത്തിൽ സെക്രട്ടറി മാത്യു ജോർജ്ജ് സ്വാഗതം ആശംസിച്ചു. വിവിധ സംഘടനകളെ പ്രതിനിധീകരിച്ച് സണ്ഡേസ്കൂൾ ഹെഡ്മാസ്റ്റർ ഫിലിപ്പ് തോമസ്, കേരള എക്യൂമെനിക്കൽ ക്രിസ്ത്യൻ ഫെലോഷിപ്പ് സെക്രട്ടറി അലക്സ് അലക്സാണ്ടർ, വ്യവസായപ്രമുഖൻ ജോർജ്ജ് സാമുവേൽ തുടങ്ങിയവർ ആശംസകൾ നേർന്നു. ഹൈസ്ക്കൂൾ ഗ്രാജ്വേറ്റ്സായ അജയ് മാത്യു, കിസ്റ്റീൻ വർഗീസ്, ക്രിസ്റ്റി സഖറിയ ജോൺ ചാക്കോ, ജെസ്സിക്കാ പത്രോസ്, ജെസ്നി സഖറിയ, പ്രീയങ്കാ സജി, പ്രീയ മാത്യു, റോയി കുര്യൻ, വില്ലി ജോർജ്ജ് എന്നിവർക്ക് വികാരി പ്രശംസാഫലകം സമ്മാനിച്ചു. ഗ്രാജുവേറ്റ്സായ ഒരോരുത്തരും തങ്ങളുടെ ആത്മീയവും വിദ്യാഭ്യാസപരവുമായ വളർച്ചയുടെ വിവിധ ഘട്ടത്തിൽ ഇടവക ചെലുത്തിയ പങ്കിനെ പ്രതിപാദിച്ച് കൊണ്ട് പ്രസംഗിച്ചു.ഗ്രാജ്വേറ്റ്സ് ഒരുമിച്ച് കേക്ക് മുറിച്ച് ഇടവകാംഗങ്ങളുമായി മധുരം പങ്കുവയ്ക്കുകയും ചെയ്തു. മാത്യു വർഗീസിന്റെ വകയായി വിഭവസമൃദ്ധമായ സദ്യയും ഒരുക്കിയിരുന്നു.

# മലങ്കര മെത്രാപ്പോലീത്താ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് രണ്ടാമന്റെ നാലു കല്പനകൾ



ഡോ. സിബി തരകൻ



കാലം ചെയ്ത പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസിന്റെ ചരമ ശതാബ്ദി മലങ്കര ഓർത്തഡോക്സ് സഭ കഴിഞ്ഞ ഒരു വർഷമായി ആചരിക്കുകയാണല്ലോ. 1909 ജൂലൈ 11 (1084 മിഥുനം 28) നാണ് തിരുമേനി കാലം ചെയ്തത്. പരുമല സെമിനാരിയുടെ സ്ഥാപകൻ, സൺഡേസ്കൂൾ പ്രസ്ഥാനം, വിദ്യാർത്ഥി പ്രസ്ഥാനം എന്നിവയുടെ പ്രോദ്ഘാടകൻ, സഭാ സ്വാതന്ത്ര്യത്തിന്റെ കാവൽ ഭടൻ, എം.ഡി. സെമിനാരി സ്ഥാപകൻ, വിദ്യാഭ്യാസ പ്രവർത്തകൻ, സഭൈക്യത്തിന്റെ ശക്തനായ വക്താവ് എന്നിങ്ങനെ വിവിധ വിശേഷണങ്ങൾ സഭാചരിത്രകാരന്മാർ പുലിക്കോട്ടിൽ തിരുമേനിക്ക് നൽകിയിട്ടുണ്ട്.

സഭൈക്യ പ്രസ്ഥാനത്തിന് തിരുമേനി നൽകിയ ശ്രേഷ്ഠമായ സംഭാവനയാണ് 1889ൽ ആരംഭിച്ച നസ്രാണി ജാതൈക്യസംഘം. സി.എം.എസ്. മിഷനറിമാരുടെ പ്രവർത്തനങ്ങൾ മൂലം സഭയിൽ നവീകരണവാദം ശക്തമായി അലയടിച്ചിരുന്ന കാലത്താണ് അദ്ദേഹം ജാതൈക്യ സംഘത്തിന് നേതൃത്വം കൊടുത്തത്. കേരളത്തിലെ സുറിയാനി കത്തോലിക്കരുടെ വികാരി ജനറലായിരുന്ന നിധിയിരിക്കൽ മാണി കത്തനാരുമായി ചേർന്നാണ് തിരുമേനി ജാതൈക്യസംഘം എന്ന സഭൈക്യ പ്രസ്ഥാനത്തിന് നേതൃത്വം കൊടുത്തതും സമുദായ പ്രമാണിമാരായിരുന്ന അക്കര കുര്യൻ റൈട്ടറും കണ്ടത്തിൽ വറുഗീസ് മാപ്പിളയും തിരുമേനിയുടെ പ്രവർത്തനങ്ങൾക്ക് ശക്തമായ പിന്തുണ നൽകി. കോട്ടയത്ത് ഓർത്തഡോക്സ് വിഭാഗത്തിന്റെയും കത്തോലിക്കാ വിഭാഗത്തിന്റെയും ചുമതലയിൽ ഒരു കോളജ് ഉണ്ടാകണമെന്നും അവിടെ എല്ലാ ജാതിക്കാർക്കും മതക്കാർക്കും പഠിക്കാൻ സ്വാതന്ത്ര്യമുണ്ടാകണമെന്നും ജാതൈക്യ സംഘം തീരുമാനിച്ചു. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ വിദ്യാലയങ്ങൾ സ്ഥാപിക്കണമെന്നും അവിടെ കുറഞ്ഞ ഫീസിൽ വിദ്യാഭ്യാസം നൽകണമെന്നും സമർത്ഥരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകണമെന്നും വിദേശ വിദ്യാഭ്യാസത്തിന് സഹായം നൽകണമെന്നും സംഘത്തിന്റെ തീരുമാനങ്ങളിലുണ്ട്.

സുറിയാനി ക്രിസ്ത്യാനികളുടെ സാമ്പത്തികവും സാമൂഹികവുമായ വളർച്ചയ്ക്ക് സംഘം വകയായി കച്ചവട സ്ഥാപനങ്ങളും തുറമുഖ പണ്ടികശാലകളും ബാങ്കും വിപുലമായ തോതിൽ കൃഷിയും ആരംഭിക്കണമെന്നും സംഘം തീരുമാനിച്ചു. സ്ത്രീകളുടെ വിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിക്കുന്നതിനായി കോട്ടയത്ത് ഒരു പ്രധാന പെൺപള്ളിക്കുടവും ഇടവകകളിലും ഗ്രാമങ്ങളിലും പെൺപള്ളിക്കുടങ്ങളും സ്ഥാപിക്കണമെന്നും തീരുമാനിച്ചിരുന്നു. അഗതികളായ കുട്ടികൾക്കുവേണ്ടി അനാഥാലയങ്ങൾ സ്ഥാപിക്കുകയും അവിടെ അവർക്ക് തൊഴിൽ പരിശീലനം നൽകുകയും ചെയ്യണമെന്നും തീരുമാനിച്ചിരുന്നു. ഈ തീരുമാനങ്ങൾ എല്ലാം തന്നെ 120 വർഷങ്ങൾക്ക് മുമ്പ് തികച്ചും വിപ്ലവകരങ്ങളായിരുന്നു.

ജാതൈക്യസംഘത്തിനുവേണ്ടി ആലപ്പുഴയിൽ കച്ചവട ഏജന്റായിരുന്ന ഹ്യൂക്രാഫോർട്ട് സായിപ്പിന്റെ ഉടമസ്ഥതയിൽ കോട്ടയത്ത് ഉണ്ടായിരുന്ന വുഡ്ലാൻഡ് എസ്റ്റേറ്റ് അദ്ദേഹ്തിന്റെ മുക്ത്യാർകാരനായിരുന്ന ജയിംസ് ഡാറാ സായിപ്പിൽ നിന്നും 1064 (1889) തുലാം 24ന് പുലിക്കോട്ടിൽ തിരുമേനിയും മാണി കത്തനാരും വിലയ്ക്കുവാങ്ങി. കയ്യിൽ പണമില്ലാതിരുന്നതുകൊണ്ട് കടം വാങ്ങിയും കടപത്രം കൊടുത്തുമാണ് അതിന് പണം ഉണ്ടാക്കിയത്. എന്നാൽ അധികനാൾ കഴിയുന്നതിനു മുമ്പുതന്നെ ജാതൈക്യസംഘത്തിന്റെ പ്രവർത്തനങ്ങളിൽ സഹകരിക്കുന്നതിൽ നിന്ന് മാണി കത്തനാരെ കത്തോലിക്കാ സഭാ നേതൃത്വം വിലക്കുകയും കടം മുഴുവൻ വീട്ടേണ്ടത് പുലിക്കോട്ടിൽ തിരുമേനിയുടെ ചുമതലയിലാവുകയും ചെയ്തു.ഇതു സംബന്ധിച്ചുണ്ടായ വ്യവഹാരങ്ങളിൽ തിരുമേനിക്ക് അനുകൂലമായ കോടതി വിധികൾ ഉണ്ടാവുകയും വുഡ്ലാന്റ് എസ്റ്റേറ്റ് സഭയുടെ സ്വന്തമാവുകയും ചെയ്തു. അതിനെ തുടർന്ന് സ്കൂളിന്റെ പ്രവർത്തനങ്ങളുമായി പുലിക്കോട്ടിൽ തിരുമേനി മുമ്പോട്ടു പോവുകയും 1892 ജനുവരി 30ന് മാർ ദീവന്നാസ്യോസ് സെമിനാരി സ്കൂൾ ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

**ജാതൈക്യസംഘത്തിന്റെ പ്രവർത്തനങ്ങൾ മന്ദീഭവിച്ചു പോയെങ്കിലും ആ സ്ഥാനത്ത് എം.ഡി.സെമിനാരി ഹൈസ്കൂളും പിൽക്കാലത്ത് ബസേലിയോസ് കോളജും മാർ ഏലിയാ കത്തീഡ്രലും എം.ഡി. കൊമേഴ്ഷ്യൽ സെന്ററും കോട്ടയം ഭദ്രാസന കേന്ദ്രവുമൊക്കെ കാലക്രമത്തിൽ ഉണ്ടായി. ഇതും പുലിക്കോട്ടിൽ തിരുമേനിയുടെ ദീർഘവീക്ഷണത്തിന്റെ മകുടോദാഹരണമാണ്.**

ജാതൈക്യസംഘത്തിന്റെ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടുകൊണ്ടിരുന്ന കാലത്ത് പുലിക്കോട്ടിൽ തിരുമേനി നിധിയിരിക്കൽ മാണി കത്തനാർക്ക് എഴുതിയ നാലു കൽപനകളാണ് ചുവടെ ചേർത്തിരിക്കുന്നത്. അദ്ദേത്തിന്റെ കല്പനകളെല്ലാം ഗ്രന്ഥരൂപത്തിൽ പുനഃപ്രസിദ്ധീരിക്കേണ്ടതായിരിക്കുന്നു.

## കല്പന: 1

“മലയാളത്തിന്നുടെ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായിൽ നിന്ന്”

നാം എത്രയും ഭക്തിയോടെ സ്നേഹിക്കുന്ന ബ.വികാരി നെദീരിക്കൽ മർക്കോസ് കശ്ശീശ്ശായ്ക്ക് വാഴ്വ്.

പ്രിയ സ്നേഹിതരെ.... തമ്മിൽ കണ്ടിട്ടുള്ള ദിവസങ്ങൾ ദീർഘപ്പെട്ടുപോയതുകൊണ്ട് തമ്മിൽ കാണ്മാനും നമ്മൾ അയച്ച എഴുത്തിന് വന്നിരിക്കുന്ന മറുപടി കൊണ്ടു തമ്മിൽ ആലോചിച്ച് എഴുതി അയപ്പാനും മറ്റും വേണ്ടി കഴിഞ്ഞ ഞായറാഴ്ച അസ്തമിച്ച നാമും നമ്മുടെ റയിട്ടറും കൂടി ആലപ്പുഴക്കു പോകയും അവിടെ എത്തി അന്വേഷിച്ചപ്പോൾ ഇല്ലായെന്നറിഞ്ഞതിനാൽ ദുഃഖത്തോടെ മടങ്ങിപ്പോന്നുവെങ്കിലും വന്നിരിക്കുന്ന എഴുത്തിനെക്കുറിച്ച് ആലോചിപ്പാനായി നമ്മുടെ റയിട്ടരെ ഭരമേല്പിച്ച് നാം തിരുവനന്തപുരത്തേക്ക് പോകുന്നു. സർവ്വശക്തനായ ദൈവത്തിന്റെ കൃപകൊണ്ടും സത്യജഡ്ജി ആകുന്ന അരിനായ്ക്കൻ പിള്ള അവർകളെയും ഒരു ഹിന്ദു ജഡ്ജിയെയും നമ്മുടെ കേസ് വിസ്തരിക്കാൻ നിയമിച്ചിരിക്കുന്നു എന്നു കേട്ടപ്പോൾ വളരെ സന്തോഷിക്കുകയുണ്ടായി. നമ്മുടെമേലും നമ്മുടെ സഭമേലും സ്നേഹമുണ്ടെങ്കിൽ സഹായിപ്പാനുള്ള സമയം ഇപ്പോഴെന്ന് വ്യസനത്തോടെ പറയുന്നു. പാലാക്കുന്നുകാർ മുഖാന്തിരം പൂർവ്വിക വിശ്വാസത്തെ കളഞ്ഞ് പാവപ്പെട്ട സഭയെ വിഴുങ്ങുവാൻ ആഗ്രഹിക്കുന്നു. ഇംഗ്ലീഷു മിഷനറിമാരും ആ കൂട്ടാരും നാനാപ്രകാരേണയും അവർക്ക് സഹായിച്ചുവരുന്നു. താങ്കൾ ഇക്കാര്യത്തെക്കുറിച്ച് രാജിപറെക ഉണ്ടായല്ലോ... നാം ഏതെങ്കിലും വിരോധം പറഞ്ഞുവോ–അവരു മൂലമല്ലേ നടക്കാതെ പോയതു–അവരുടെ അപ്പൻ ഉണ്ടാക്കിയ മതത്തെപ്രതി ആയിരുന്നുവെന്ന് താങ്കൾക്ക് പ്രത്യക്ഷപ്പെട്ടിട്ടുണ്ടല്ലോ. നവീകരണത്തെ ആഗ്രഹിക്കുന്നവർ നവീകരണത്തിനും പൂർവ്വീകവിശ്വാസം രക്ഷിപ്പാൻ ആഗ്രഹിക്കുന്നവർ പൂർവ്വിക വിശ്വാസക്കാർക്കും സഹായിപ്പാൻ ദൈത്താൽ കടപ്പെട്ടിട്ടുണ്ടല്ലോ. എന്തിന് നാം വളരെ പറയുന്നു. ഒക്കയും അറിഞ്ഞിട്ടുണ്ടല്ലോ.

പ്രിയ സ്നേഹിതരെ- ഇപ്പോഴത്തെ നമ്മുടെ അപേക്ഷ തങ്ങളാൽ കഴിയുന്ന സഹായം നമുക്കുവേണ്ടിയും നമ്മുടെ സഭയ്ക്കുവേണ്ടിയും ചെയ്തു തരുവാനുള്ള സമയം ഇപ്പോഴാകകൊണ്ട് ആയത് ഇപ്പോൾ ചെയ്തു തരണമെന്നാകുന്നു.

തിരുവനന്തപുരത്തേക്കു ഏതു കാരണം പറഞ്ഞിട്ടെങ്കിലും ഒന്നുവന്നു പോരണമെന്ന ആഗ്രഹം ഉണ്ട്. ആയതിനു ഒരു പ്രകാരണയും കഴിവില്ലാന്നു വന്നാൽ ഇരുന്നുകൊണ്ടു ചെയ്‌വാനുള്ളതു ചെയ്തു സത്യത്തിന്റെ ഒരു തീരുമാനം ഉണ്ടാക്കി തരണമെന്നു താങ്കളുടെ സ്നേഹത്തോട് നമ്മുടെ കർത്താവുമൂലം നിർബന്ധമായിപ്പറഞ്ഞു എഴുത്തു ചുരുക്കുന്നു. ശേഷം കാര്യങ്ങൾ നമ്മുടെ വിശ്വസ്തനായ കത്തനാർ പറഞ്ഞ എടവരുന്നതുമാകുന്നു. കരുണയുടെ ദൈവം സഹായമാറാകട്ടെ.

എന്ന് 1884ക്ക്, കൊല്ലം 1060 ധനു 27–ാം തീയതി കോട്ടയത്തുനിന്നും ബദ്ധപ്പാടിൽ എഴുതിയത് (ഒപ്പ്) ദിവന്നാസ്യോസ്.

## കല്പന: 2 നമ്പർ 22

മലയാളത്തിന്നുടെ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായിൽ നിന്നു. നാം എത്രയും ഭക്തിയോടെ സ്നേഹിക്കുന്ന നിധിയിരിക്കൽ മാണി കത്തനാർക്കു വാഴ്വ്. ജനുവരി 24–ാം തീയതി അയച്ച

തായ എഴുത്തു മിനിഞ്ഞാന്നു ഇവിടെ കിട്ടി. വിവരങ്ങൾ അറികയും അത്യന്തം സന്തോഷിക്കയും ചെയ്തു. അന്നുതന്നെ മറുപടി അയപ്പാൻ ഇടവരാഞ്ഞത് രണ്ടുനാലു ദിവസമായിട്ടു നമുക്കുണ്ടായിരുന്ന നീർദോഷം നിമിത്തം എഴുതുവാൻ പാടില്ലാതെ തീർന്നുപോയതുകൊണ്ടാകുന്നു. ഇന്നെയ്ക്ക് ഒരുവിധം എഴുതുവാൻ തക്ക സൗഖ്യം കിട്ടിയതുകൊണ്ടു എഴുതി അയക്കുന്നതാകുന്നു. ബോംബെയിൽ നിന്നു വന്നതിനു മറുപടി അയക്കാൻ സംഗതിവരാതെ താമസിക്കുന്നതിൽവെച്ചു വളരെ ഖേദിക്കുന്നു. നമ്മൾ മൂന്നുപേരും ഒന്നിച്ചിരുന്നു ആലോചിച്ചുവേണം മറുപടി അയപ്പാൻ എന്നുള്ള വിചാരത്തുന്മേൽ നാം കാത്തിരിക്കയും വടക്കെ പള്ളി വിസിറ്റിൽ നിന്നു നാം മടങ്ങി കോട്ടയത്ത് എത്തിയതിന്റെ പിറ്റേ ദിവസം തന്നെ ഈ വിചാരത്തോടെ തമ്മിൽ കണ്ട് ആലോചിക്കുന്നതിനായി നാമും നമ്മുടെ റൈട്ടറും കൂടി ആലപ്പുഴ എത്തുകയും അന്വേഷിച്ചപ്പോൾ അവിടെ നിന്നും തലേദിവസം കുറവിലങ്ങാട്ടിനു പോയപ്രകാരം അറിഞ്ഞപ്പോൾ ഉണ്ടായ ഇച്ഛാഭംഗം അല്പമല്ലായിരുന്നു. എന്തുചെയ്യാം. മറുപടിക്കു താമസിക്കുന്നതു ഇക്കാരണങ്ങളാൽ ആകുന്നു. ഈ പരമാർത്ഥം എങ്ങിനെ അദ്ദേഹത്തെ പറഞ്ഞറിയിക്കേണ്ടു – അതിനാൽ മറുപടിയുടെ താമസത്തെക്കുറിച്ചു യാതൊരു തൃപ്തികേടും അദ്ദേഹത്തിനു തോന്നാതെയിരിപ്പാൻ തക്ക എഴുത്തുകുത്തുകൾ ഒക്കെയും നടത്തി അദ്ദേഹത്തിനെ തൃപ്തിപ്പെടുത്തണം. നമ്മെക്കുറിച്ചുള്ള താല്പര്യവും ഓർമ്മയും അദ്ദേഹത്തിൽ നിന്നു വിട്ടുപോകാതെ പുത്തൻ ആണ്ടിന്റെ മംഗലം നമ്മെ അറിയിക്കുന്നതായി എഴുതി അയച്ചിരിക്കുന്നതിനെ വിചാരിക്കുമ്പോൾ അദ്ദേഹത്തെ വളരെ നാം ശ്ലാഘിപ്പാനും നന്ദി പറയുവാനും നാം കടപ്പെട്ടിരിക്കുന്നു. എങ്കിലും അദ്ദേഹത്തിന്റെ എത്രയും സന്തോഷവും തൃപ്തിയും ഉണ്ടാവാൻ തക്കവിധത്തിൽ വേണ്ട വാചകത്തോടുകൂടെ നമ്മുടെപേർക്കുള്ള മംഗലത്തെയും എഴുതി അയപ്പാൻ ഭരമേൽപ്പിച്ചിരിക്കുന്നു. വിശേഷിച്ച നമ്മുടെ നമ്പ്ര വിസ്താരം ഈ മാസം 10-ാം നു മുതൽക്കു തുടങ്ങി. **നമ്മുടെ അരിനായകൻപിള്ള ജഡ്ജിയും നാരായണപിള്ള ജഡ്ജിയും കൂടിയാകുന്നു വിസ്തരിക്കുന്നത്. നാരായണപിള്ള ജഡ്ജിയെ നിശ്ചയിച്ചപ്പോൾ പ്രതികൾക്കു വിരോധം തോന്നുകയും അദ്ദേഹത്തെ ഒഴിച്ചു വേറെ ഒരു ജഡ്ജിയെ നിശ്ചയിക്കണമെന്നു അവർ ഹർജി കൊടുക്കയും ഉണ്ടായി. ഹർജിക്കാർ കാണിച്ച കാരണം അദ്ദേഹം ആലുവാ കോർട്ടിൽ ജഡ്ജി ആയിരിക്കുന്ന കാലത്തിൽ പള്ളിക്കാരെ പള്ളിയുടെ ഒരു വ്യഹാരം ഉണ്ടാകയും ആ വ്യവഹാരം ഇപ്പോഴത്തെ വ്യവഹാരത്തിന്റെ ഏകദേശം ശരിയായിട്ടുള്ളതും ആ കേസു നമുക്കു ഗുണമായി വിധി പറഞ്ഞിട്ടുള്ള ആളാകകൊണ്ട് അദ്ദേഹത്തെ മാറ്റി കൊടുക്കണമെന്നാണ്. ഇക്കാര്യത്തെപ്പറ്റി ശേഷം ജഡ്ജിമാർ ആലോചിച്ചപ്പോൾ ആ കേസ് ഈ കേസിനോടു ഒരിക്കലും സംബന്ധിക്കുന്നതല്ലെന്നും മറ്റും പറഞ്ഞു അവരുടെ ഹർജിയെ ഉപേക്ഷിക്കയും നാരായണപിള്ള ജഡ്ജിയെ തന്നെ നമ്പ്ര വിസ്തരിപ്പാൻ സ്ഥിരപ്പെടുത്തുകയും ചെയ്തു.** ഇന്നുവരെ 6 ദിവസത്തെ വിസ്താരം ഉണ്ടായി. ഈ ആറു ദിവസവും എതിർകക്ഷി വക്കീലിന്റെ ഹീരങ്ങി തന്നെ ആകുന്നു. സത്യം നമ്മുടെ പക്കൽ ആകകൊണ്ട് സത്യത്തിന്റെ തീരുമാനം ഉണ്ടാകുമെന്നു തന്നെ ശരണപ്പെട്ടിരിക്കുന്നു. നമ്മുടെ ദീനത്തിനു നിശ്ചയിച് മരുന്നുകൊണ്ടു തന്നെ ദീനം ശമനം വരുമെന്നു ധൈര്യമുണ്ടെങ്കിൽ ബോംബയിൽ നിന്നു മരുന്നു വരുത്തേണമെന്നു നമുക്ക് നിർബന്ധമില്ല. സംശയമുണ്ടെങ്കിൽ ബോംബയിലെ മരുന്നു വരുത്തിയാൽ അധികം നല്ലതാണല്ലൊ. മുഖദൃഷ്ടിക്കു സന്തോഷം കണ്ടുവരുന്നുണ്ട്. ഇനി ഏതുപ്രകാരം വേണ്ടു എന്നുള്ള നിശ്ചയവും ധൈര്യവും വൈദ്യനല്ലാതെ നമുക്ക് വരുന്നതല്ലല്ലോ, നമ്മുടെ വിസ്താരം ഇനിയും പത്തുപതിനഞ്ചു ദിവസം പിടിക്കും. വിസ്താരം കഴിഞ്ഞു തീരുമാനം കേൾക്കാതെ ഇവിടെ നിന്നും ഇറങ്ങുന്നതല്ല എന്നാണ് വിചാരിക്കുന്നത്. പ്രൊട്ടസ്റ്റാണ്ടുകാരൊക്കെ വലിയ വൈരാഗ്യത്തോടെ അവരുടെ സഹായത്തിനു ഇറങ്ങി പുറപ്പെട്ടിരിക്കുന്ന പ്രകാരം കാണുന്നു. ആരൊക്കെ ഇറങ്ങി പുറപ്പെട്ടാലും ദൈവകൃപകൂടാതെ ഒന്നും വരുന്നതല്ല എന്ന നല്ല വിശ്വാസമാണ്. കരുണയുടെ ദൈവം സഹായിക്കുമാറാകട്ടെ. ശേഷം കാര്യങ്ങൾ എഴുതി അയക്കാം. എന്ന് 1885ക്കു കൊല്ലം 1060 മകരം 20-ാം തീയതി തിരുവനന്തപുരത്തു നിന്നും (ഒപ്പ്) ദിവന്നാസ്യോസ്.

## കല്പന: 3

കർത്താവിൽ നമുക്ക് എത്രയും സ്നേഹപ്പെട്ട നമ്മുടെ ആത്മീയ സ്നേഹിതൻ ബ.വികാരി നിധീരിക്കൽ മാണി കത്തനാർക്കു ബൂർക്കസ്സാ–

പ്രിയനെ ,ആലപ്പുഴവെച്ചു പിരിയുന്ന സയവർത്തമാനങ്ങൾ ഒക്കെയും പറഞ്ഞിട്ടുള്ളതു കൂടാതെ നമ്മുടെ എഴുത്തുകൾ അയച്ചിരിക്കുന്ന വിവരത്തിനും മറ്റും താൻ അയച്ചതായ തപാൽ കത്ത് കിട്ടി വിവരമറിഞ്ഞു സന്തോഷിക്കയും അയച്ചിട്ടുള്ള എഴുത്തുകൾക്കു അനുഗ്രഹത്തിന്റെയും ആശ്വാസത്തിന്റെയും മറുപടികൾ വന്നു കാണ്മാൻ സദാ പ്രാർത്ഥിക്കയും ചെയ്യുന്നു.

പ്രിയ സ്നേഹിതനെ– നമുക്കുവേണ്ടിയും നമ്മുടെ കാര്യങ്ങൾക്കുവേണ്ടിയും നമ്മുടെ സ്നേഹിതനോടു എന്തു താൻ പയുന്നുവോ ആയതൊക്കയും നമ്മുടെ സ്നേഹിതൻ വിശ്വസിക്കയും പ്രവർത്തിക്കയും ചെയ്യുമെന്നു നമുക്കു പൂർണ്ണ വിശ്വാസമാകുന്നു. ഇങ്ങനെ ഇരിക്കെ നമ്മുടെ വ്യസനത്തിന്നടക്കം വരാതെ ഇരിക്കുന്നതു തന്റെ പ്രയത്നക്കുറവെന്നല്ലാതെ എന്തു നാം പറയേണ്ടു. ഇയ്യെട ധാറായുടെ സഹോദരൻ ധാറായെ കാൺമാൻ ഇവിടെ വരികയും സംസാരിക്കയും ചെയ്തതിൽ അയ്മനം പി.ജോൺ പ്രതികക്ഷികൾക്കുവേണ്ടി ചെന്നു ആലോചിച്ചതായും നമ്മുടെ വചനത്തിന് ഇനിയും നിവൃത്തിയില്ലാതെ താമസപ്പെടുന്ന പക്ഷം ഇക്കാര്യം കൊണ്ട് സംസാരിപ്പാൻ ചെല്ലരുതെന്നു പറഞ്ഞതായും അറിയിച്ചിരിക്കുന്നതിൽ അത്യന്തം നാം വ്യസനിക്കുന്നു. എന്തു നാം ചെയ്യേണ്ടു, എന്തു നാം പറയേണ്ടു എന്നു നാം അറിയുന്നില്ല. താൻ പ്രത്യേകം ഒന്നിറങ്ങി വിചാരിക്കുകയും അല്പം പ്രയാസപ്പെടുകയും ചെയ്തുവെങ്കിൽ ഈ വ്യസനം നമ്മിൽ നിന്നൊഴിയുന്നതു മാത്രമല്ല, മങ്കളാവിനെക്കുറിച്ചും സ്ഥലത്തെക്കുറിച്ചും നമ്മൾക്കു ഭവിച്ചിരിക്കുന്ന ജോലിയും ഇതുകൊണ്ടു തീർത്തു വെയ്ക്കാം. അക്കര മൂപ്പിലേക്കു ചെല്ലുവാനുള്ള പണം കിട്ടുവാനായി വളരെ മുട്ടിച്ചു വരുന്നു. നമ്മൾ കൂടിയിരിക്കുന്ന സമയം സായ്പുതരാമെന്നു പറഞ്ഞിരിക്കുന്ന സംഖ്യ തന്നാൽ ഇയ്യാളിനെ നമ്മുടേതാക്കിത്തീർക്കാം. വേറെയുള്ള ഒരാളെയും വേണം. അയ്തു പിന്നീട് ആയിക്കൊള്ളാം. വെകടമുള്ള ആൾ ഇയ്യാളാകുന്നു. ഇയ്യാൾ ഒതുങ്ങിയാൽ ഒക്കെയും ആയിയെന്നുതന്നെ പറയാം. ആകയാൽ പ്രിയനെ ഈ കത്തു കിട്ടിയാൽ ഉടൻതന്നെ ആലപ്പുഴയ്ക്കു പോയി നമ്മുടെ സ്നേഹിതനെ കണ്ട് ഇക്കാര്യം കൊണ്ടാലോചിച്ച് ശട്ടംകെട്ടിയ വിവരത്തിനു ആശ്വാസത്തിന്റെ ഒരു മറുപടി ഇവൻപക്കൽ തന്നെ താൻ അയച്ചുകാൺമാൻ നാം നോക്കികൊണ്ടിരിക്കുന്നു. തനിക്കുള്ള അധിക ജോലികൾ നിമിത്തം ഇതിലേക്കു ഒരിക്കലും താമസം വരുത്തരുതെ. താനെവിടേക്കു പോകുന്നുവോ തന്റെ കൂടെ ഈ എഴുത്തും കൊണ്ട് വരുന്നവനും നടപ്പാനായിട്ടാണ് ഇവനെ ശട്ടംകെട്ടി അയച്ചിരിക്കുന്നത്. ആശ്വാസത്തിന്റെ മറുപടി കൊടുക്കാതെ ഇവൻ തന്നെ വിട്ടുപിരിയുന്നതുമല്ല.

വിശേഷിച്ച ഈ സ്കൂളിന്റെ കാര്യത്തിൽ നമ്മുടെ സ്നേഹിതൻ ആലോചിച്ച പ്രകാരം കഴിയുന്നതും വേഗത്തിൽ ഒരു തീരുമാനം ഉണ്ടാകുന്നതിന് താൻ ശ്രമിക്കണം. നമ്മുടെ പ്രയാസവും ദുഃഖവും അതിൽവെച്ചു നാം വലയുന്ന വലച്ചിലും അദ്ദേഹത്തെ നല്ലവണ്ണം താൻ മനസ്സിലാക്കിയാൽ ബുദ്ധമതക്കാർക്കു ചെയ്യുവാൻ നശ്ചയിക്കുന്ന ഭാഗം പോലെതന്നെ ചെയ്തില്ലെങ്കിലും അതിൽ അധികമായ സഹായം നമുക്കു ചെയ്തു തരുന്നതിനു യാതൊരു മടിയും അദ്ദേഹം വിചാരിക്കുന്നതല്ല. നമുക്കു ചെയ്യുന്ന സഹായങ്ങൾ ഒക്കെയും നമുക്കു രണ്ടു കൂട്ടുകാർക്കും എന്ന പോലെ അല്ലാതെ മറ്റൊരു വിചാരവും നമുക്കില്ല. **നമ്മൾ ഒന്നും ഒരു രക്തവുമാകുന്നു. പരദേശികൾക്കും അന്യന്മാർക്കും ഈ കൂറും സ്നേഹവും ഒരിക്കലും ഉണ്ടാകുന്നതല്ല. ദരിദ്രന്മാരുടെ പേരിലുള്ള നമ്മുടെ ദയയും അവരെ നാം സഹായിക്കുന്നതും ചിലവുചെയ്തു പാലിക്കാൻ ശക്തിയില്ലാത്ത കുട്ടികൾക്കുവേണ്ടി നാം ചെലവ് ചെയ്തു അയച്ചു പഠിപ്പിക്കുന്നതും നമ്മുടെ വലച്ചിലും വിശ്വാസംമൂലം നാം നഷ്ടപ്പെട്ടു വരുന്നതും വിശ്വാസ വിപരീതത്തിൽ പോയിരിക്കുന്ന പള്ളിക്കാരെ തിരിച്ചു വരുത്തുന്നതിന് പ്രയാസവും ഇത്യാദിൽ നമ്മെക്കുറിച്ച് നമ്മുടെ സ്നേഹിതനെ ഗ്രഹിപ്പിക്കുമ്പോൾ അദ്ദേഹത്തിന്റെ ഹൃദയം നമ്മുടെ മേൽ കവിഞ്ഞൊഴുകുകയും കഴിയുന്നതിനെ സഹായിക്കുകയും ചെയ്യും.** അപ്പോൾ തനിക്കും നമുക്കും യാതൊരു പരാശ്രയം കൂടാതെ കഴിച്ചുകൂട്ടുന്നതിനും ആശ്വാസത്തിനും സംഗതി വരുമെന്നു കർത്താവിൽ ഉറപ്പായി നാം വാഗ്ദത്തം ചെയ്യുന്നു. അതിനാൽ ഇക്കാര്യത്തിൽ ഒട്ടും മൗനമായിരിക്കരുതെന്നു പിന്നെയും പിന്നെയും പറഞ്ഞ നമ്മുടെ എഴുത്തിനെ അവസാനിപ്പിക്കുന്നു. തന്റെ മറുപടി കണ്ടാൽ ഉടനെ അവിടെ നാം എത്തിക്കൊൾകയും ചെയ്യാം. സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. എന്ന് 1064 ചിങ്ങം 22ന് മുളന്തുരുത്തി പള്ളിയിൽ നിന്നും (ഒപ്പ്) ദിവന്നാസ്യോസ്.

## കല്പന: 4

നമ്മുടെ പ്രിപ്പെട്ട മാണിയച്ചനു വാഴ്വ്.

നമ്മുടെ അടിയന്തിരദിവസം നമ്മളോടു പറഞ്ഞ പ്രകാരം നമ്മുടെ സായ്പ് അവർകൾ ഇവിടെ വരികയും ശനിയാഴ്ച അഞ്ച് മണിക്ക് ഇവിടെ നിന്നു പോകയും ചെയ്തു. വന്നതിന്റെ ഉദ്ദേശം സ്കൂളിന് കല്ലിടുവാൻ വേണ്ടിയാകുന്നു. താങ്കൾ ഇവിടെ ഇല്ലല്ലോ; താങ്കൾ വന്നിട്ടുവേണമല്ലോ കല്ലിടുവാൻ എന്നുള്ള വചനത്തിൽ സായ്പ്പും സന്തോഷിച്ചുപോയിരിക്കുന്നു. താങ്കൾ മാന്നാനത്തുണ്ടെന്ന് ആരോ ഇവിടെ പറഞ്ഞറിഞ്ഞതിനാൽ ഉടനെ താങ്കളുടെ പേർക്ക് എഴുതി അയച്ചുവരുത്തി കല്ലിടുവാൻ കഴിയുമെങ്കിൽ ഒരു ദിവസം കൂടെ താമസിക്കാമെന്നു പറഞ്ഞു മാന്നാനത്തേക്ക് എഴുത്തും കൊടുത്തു ആളെ അയച്ചു. ഇല്ലെന്നറിഞ്ഞതിന് മേലാകുന്നു പോയ്ത്. ഇനി എന്താ വേണ്ടു. താങ്കളുടെ വരവ് ഇന്ന്; നാളെ, വരും; കണ്ടതിന്മേൽ വേണം പോകുവാനെന്നു വാചാരിച്ച ഇതാ 8 ദിസമായി ബോട്ടു ഇട്ടും കൊണ്ടു നാം താമസിക്കുന്നു. തമ്മിൽ കണ്ടാലോചിപ്പാൻ കാര്യങ്ങൾ വളരെയുണ്ട്. സ്കൂളിനു കല്ലിടാതെ താമസിക്കുന്നതും വളരെ ദോഷമാണല്ലോ. അതിനാൽ താങ്കൾ എപ്പോൾ ഇവിടെ വരുമെന്ന അടിയന്തിരത്തിൽ മറുപടി അയക്കണം. ശേഷം കണ്ടുപറയാമെന്നു കരുതിച്ചുരുക്കുന്നു. എന്ന് 1888 വൃശ്ചികം 23-ാം തീയതി ചൊവ്വാഴ്ച അസ്തമിച്ച്– കോട്ടയത്തു നിന്നും

(ഒപ്പ്) ദിവന്നാസ്യോസ്.

കടപ്പാട്: നിധീയിരിക്കൽ മാണികത്തനാർ (ജീവചരിത്രം) ഷെവ. വിസി.ജോർജ്ജ് (1950).

# ഡൽഹി സരിതവിഹാർ സെന്റ് തോമസ് ഓർത്തഡോക്സ് ഇടവക രജത ജൂബിലി നിറവിൽ



പ്രവാസ ജീവിതത്തിനിടയിൽ വാസസ്ഥലത്തിനടുത്ത് സ്ഥാപിക്കപ്പെട്ട യാഗപീഠങ്ങൾ വ്യവസ്ഥാപിത ജീവിതത്തിലേക്ക് മാറ്റപ്പെട്ട മാനവരാശിയുടെ വളർച്ചയിൽ ദേവാലയവും ബലിപീഠവും ഏറ്റവും പ്രധാനപ്പെട്ടതാണ് എന്ന് ശ്രേഷ്ഠ നിയുക്ത കാതോലിക്കാ പൗലോസ് മാർ മിലിത്തിയോസ് മെത്രാപ്പോലീത്താ പ്രസ്താവിച്ചു. ദൈവികദർശനത്തിൽ കൂടി സ്ഥാപിക്കപ്പെട്ട ദേവാലയം ജീവിതവിശുദ്ധിയുടെ പൂർണ്ണതയിൽ സ്വന്തശരീരം തന്നെ ദേവാലയമായി മാറുന്ന ദൈവശാസ്ത്രം യേശുക്രിസ്തു പഠിപ്പിക്കുന്നു. ഇതിന്റെ അനുഗ്രഹങ്ങളും വിശ്വാസവും ഉൾക്കൊണ്ടുകൊണ്ട് ലോകജനത എവിടെയെല്ലാം ഉണ്ട് അവിടെ മലങ്കര സഭയും മലങ്കരയുടെ മക്കളും ദൈവീകാരാധന നടത്തിവരുന്നു. ഇത് പുരാതനക്രൈസ്തവ സഭകളിൽ ഓർത്തഡോക്സ് സഭയുടെ പൗരാണികത വിളിച്ചോതുന്ന ഒരു സത്യമാണ്. സരിതവിഹാർ സെന്റ് തോമസ് ഓർത്തഡോക്സ് ഇടവകയുടെ രജത ജൂബിലിയാഘോഷങ്ങൾ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു നിയുക്ത കാതോലിക്കാ.

ഡൽഹി ഭദ്രാസനാധിപൻ ജോബ് മാർ പീലക്സിനോസ് മെത്രാപ്പോലീത്താ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ഡോ. യൂഹാനോൻ മാർ ദിമെത്രയോസ് മെത്രാപ്പോലീത്താ ജൂബിലി സന്ദേശം നൽകി. ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകിക്കൊണ്ടുള്ള ജൂബിലി പ്രൊജക്ടുകളുടെ പ്രഖ്യാപനം ഡോ. യൂഹാനോൻ മാർ തെവോദോറോസ് മെത്രാപ്പോലീത്താ നിർവ്വഹിച്ചു. ജൂബിലിയുടെ സ്മരണയ്ക്കായി വരും വർഷങ്ങളിൽ സാധുജനക്ഷേമത്തിനായി രൂപീകരിച്ച ഗുഡ്സമരിറ്റൻ ഫണ്ടിലേക്ക് മൂന്നു ലക്ഷം രൂപയുടെ ചെക്ക് അത്മായ ട്രസ്റ്റി എം. ജി. ജോർജ്ജ് മുത്തൂറ്റ് ശ്രേഷ്ഠ നിയുക്ത ബാവായിൽ നിന്ന് സ്വീകരിച്ചു. റ്റി. കെ. ചെറിയാൻ വിദ്യാഭ്യാസ സഹായനിധി ഉദ്ഘാടനം ചെയ്തു. എം. എസ്. സഖറിയ റമ്പാൻ, മുൻ വികാരി ഫാ. എം. സി. പൗലോസ് എന്നിവർ ആശംസകൾ അർപ്പിച്ചു. ഇടവക വികാരി ഫാ. തോമസ് മാവേലിൽ സ്വാഗതവും ജൂബിലി ജനറൽ കൺവീനർ കൊച്ചുമോൻ തോമസ് കൃതജ്ഞതയും അർപ്പിച്ചു. പ്രഭാതനമസ്ക്കാരത്തെ തുടർന്ന് ശ്രേഷ്ഠ നിയുക്ത കാതോലിക്കായുടെ മുഖ്യകാർമികത്വത്തിൽ ഡോ. യൂഹാനോൻ മാർ ദിമെത്രയോസ് മെത്രാപ്പോലീത്താ, ഡോ. യൂഹാനോൻ മാർ തെവോദോറോസ് മെത്രാപ്പോലീത്താ എന്നിവരുടെ സഹകാർമ്മികത്വത്തിൽ വിശുദ്ധ മൂന്നിന്മേൽ കുർബ്ബാന അർപ്പിച്ചു.

# സിഡ്നി സെന്റ് തോമസ് ഓർത്തഡോക്സ് കത്തീഡ്രലിൽ ദുഖറോനോ ആചരിച്ചു

സിഡ്നി സെന്റ് തോമസ് ഓർത്തഡോക്സ് കത്തീഡ്രലിൽ വി. മാർത്തോമ്മാ ശ്ലീഹായുടെ ദുഖറോനോ പെരുന്നാൾ ജൂലൈ 3,4 തീയതികളിൽ സമുചിതമായി ആചരിച്ചു. പെരുന്നാളിന്റെ ഭാഗമായി ശനിയാഴ്ച വൈകുന്നേരം 3.30 - ന് പൊതുസമ്മേളനം നടന്നു. റവ.ടാറാ കോർ (ജന.സെക്രട്ടറി, നാഷണൽ കൗൺസിൽ ഓഫ് ചർച്ചസ്, ഓസ്ട്രേലിയ) സമ്മേളനം ഉദ്ഘാടനം ചെയ്തു.ബക്സിലി സെന്റ് ഗബ്രിയേൽ ദേവാലയ അഡ്മിനിസ്ട്രേറ്റർ റവ. ഫാ. ജോർജ്ജ് അഴിക്കകത്ത് മുഖ്യാതിഥി ആയിരുന്നു. ഇടവകയിലെ സൺഡേസ്കൂൾ, യുവജനപ്രസ്ഥാനം, മർത്തമറിയം സമാജം, ഇടവകാംഗങ്ങൾ എന്നിവർ അവതരിപ്പിച്ച രസകരവും സന്ദേശമുൾക്കൊള്ളുന്നതുമായ സ്കിറ്റുകളും സംഗീതപരിപാടികളും പെരുന്നാളിനെ ആഘോഷദിനമാക്കി. കത്തീഡ്രൽ വികാരി ഫാ. തോമസ് വർഗ്ഗീസ് വിളനിലം സ്വാഗതമരുളുകയും ഇടവക സെക്രട്ടറി സാം തോമസ് കൃതജ്ഞത അർപ്പിക്കുകയും ചെയ്തു. ജൂലൈ നാലാം തീയതി രാവിലെ വി. കുർബ്ബാന അർപ്പിച്ചു. ഭക്തിനിർഭരമായ റാസയും പെരുന്നാൾദിനത്തെ പൂർണ്ണതയിൽ എത്തിച്ചു. നേർച്ചവിളമ്പോടെ പെരുന്നാൾ സമാപിച്ചു.

# ശാസ്ത്രവും ആത്മീയതയും



**ജേക്കബ് ഉമ്മൻ**

***ദേവദൂതൻ അവന്റെ അറിവിനാൽ സ്വതന്ത്രനാകുന്നു.***
***മൃഗം അതിന്റെ അജ്ഞതകൊണ്ടും***
***ഇവ രണ്ടിനുമിടയിൽ മനുഷ്യപുത്രൻ***
***ഞെരിപിരികൊള്ളുന്നു***

ഇത് തുർക്കിയിലെ കവി റൂമിയുടെ വരികളാണ്. ഇതാണ് മനുഷ്യ ജന്മത്തിന്റെ ദൗത്യം. ദൈവം മനുഷ്യനു കനിഞ്ഞു നൽകിയ ഏറ്റവും വലിയ അനുഗ്രഹമാണ് സയൻസ്. യുക്തി സഹമായ സയൻസ് സമൂഹത്തിന് മൂലധനമാകുന്നു. നാം ജോലി ചെയ്യുന്ന മേഖല ഏതായാലും അത് സയൻസോ, സാങ്കേതിക വിദ്യയോ, വൈദ്യശാസ്ത്രമോ, രാഷ്ട്രീയമോ, ധനപാലനമോ, വേദാന്തമോ, മതമോ, നീതിന്യായമോ ഏതുമാകട്ടെ സാധാരണ മനുഷ്യനെ സേവിക്കുക എന്നതായിരിക്കണം മനുഷ്യന്റെ ലക്ഷ്യം. എല്ലാ വിജ്ഞാനവും അദ്ധ്വാനവും സാധാരണക്കാരന്റെ ക്ഷേമത്തെ കേന്ദ്രീകരിച്ചുള്ളതാകണം.

വശീകരണ ശക്തിയുള്ള വഷയമാണ് സയൻസ്. ശാസ്ത്രജ്ഞനെ സംബന്ധിച്ചിടത്തോളം അതൊരാജീവാനന്ത ദൗത്യമാണ്. സയൻസിൽ പ്രാവണ്യം നേടുന്നതിന് കണക്ക് അറിഞ്ഞിരിക്കണം. സയൻസിനോട് ചേരുമ്പോൾ ഗണിത ശാസ്ത്രത്തിനു തിളക്കമേറുന്നു. പരീക്ഷണങ്ങൾ കൊണ്ട് സിദ്ധാന്തങ്ങളെ നേരിടുകയാണ് വേണ്ടത്.

കൂടുതൽ മെച്ചമായ ഒരു ഭൗതീക ജീവിതത്തിനുള്ള മാർഗ്ഗങ്ങളാരായാനാണ് സയൻസിന്റെ ശ്രമം. ആത്മീയതയാകട്ടെ ധർമ്മനിഷ്ഠയുള്ള ഒരു ജീവിതം നയിക്കുന്നതെങ്ങനെയെന്ന ചോദ്യത്തിന് ഉത്തരം കണ്ടെത്താൻ ശ്രമിക്കുന്നു. വിവര സാങ്കേതിക വിദ്യയിലുണ്ടായ നേട്ടങ്ങൾ ലോകത്തെ ഒരാഗോള ഗ്രാമമായി ചുരുക്കി. ഈ ലോകം അഭിമുഖീരിക്കുന്ന സങ്കീർണ്ണമായ യഥാർത്ഥ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ശാസ്ത്രജ്ഞന്മാർ തമ്മിൽ നിരന്തരമായി ബന്ധപ്പെടുന്നതാണാവശ്യം.

യുക്തിയിലൂടെ സത്യത്തെ കണ്ടെത്തുവാൻ ശാസ്ത്രം ശ്രമിക്കുന്നു. ശാസ്ത്രവും ആത്മീയതയും ജനങ്ങൾക്കു നന്മ ചെയ്യുന്നതിന് ജനങ്ങളുടെ അനുഗ്രഹം തേടുകയാണ്.

***സങ്കീർണ്ണമായ ഒരവസ്ഥയിലൂടെയാണ് നാം കടന്നുപോകുന്നത്. നമ്മിൽ പലരും മതത്തോടും ശാസ്ത്രത്തോടും സമൂഹത്തോടും ശരിക്കുമൊരു സമരത്തിൽ ഏർപ്പെട്ടിരിക്കുന്നു. ഓരോ നിമിഷവും നമ്മുടെ മനസ്സിൽ ഒരു യുദ്ധം നടക്കുന്നു. ഏതു വഴിക്കാണ് പോകേണ്ടത് എന്നതിനെ ചൊല്ലി ആശയക്കുഴപ്പം ഉണ്ടാകുമ്പോഴൊക്കെ നന്മയുടെ പാതയിലൂടെ നയിക്കുവാൻ ആത്മീയതയുടെ ശക്തിയാണ് സഹായിക്കുന്നത്.***

ഇന്ന് അഴിമതിയിൽ കുളിച്ചു നിൽക്കുന്ന സമൂഹത്തിന്റെ പാത സംശുദ്ധമാകണമെങ്കിൽ ആത്മീയതയുടെ സ്വാധീനം ഏറെ ഉണ്ടായേതീരു. അഴിമതിയിൽ മുങ്ങിയ ആത്മീയതയുമില്ലേ എന്ന ചോദ്യത്തിന് മറുപടി പയുവാൻ ആർക്കുകഴിയും?.

ശാസ്ത്രവും ആത്മീയതയും ധർമ്മനിഷ്ഠയുടെ വികാസത്തിലൂടെ ലോകസമാധാനം കൈവരിക്കുവാൻ കഴിയുമെന്നതിൽ യോജിക്കുന്നുണ്ട്. ഹൃദയത്തിൽ ധർമ്മനിഷ്ഠയുണ്ടെങ്കിൽ സ്വഭാവം സുന്ദരമാകും. സ്വഭാവം നന്നായാൽ ഭവനത്തിലും സമൂഹത്തിലും ലോകത്തും സമാധാനമുണ്ടാകും. ഈ കാര്യത്തിൽ ശാസ്ത്രത്തിനും ആത്മീയതയ്ക്കും ഭിന്നാഭിപ്രായമില്ല. മെച്ചപ്പെട്ട ഭൗതീക ജീവിതത്തിന് മാർഗ്ഗ നിർദ്ദേശം ശാസ്ത്രം നൽകുന്നു. ധർമ്മനിഷ്ഠമായ ജീവിതത്തിനുള്ള മാർഗ്ഗ നിർദ്ദേശം ആത്മീയത നൽകുന്നു. ഈ രണ്ടു ലക്ഷ്യങ്ങളും ഒന്നായി ചേരുമ്പോൾ പ്രബുദ്ധരായ പൗരന്മാർ ജനിക്കുന്നു.

സയൻസിലും ആത്മീയതയിലും യുക്തിചിത്തയും ന്യായവാദവുമുണ്ട്. അടിയുറച്ച മതവിശ്വാസിയുടെ ലക്ഷ്യം ആത്മീയമായ അനുഭൂതിയാണ്. ശാസ്ത്രജ്ഞൻ പ്രധാനപ്പെട്ട ഒരു കണ്ടുപിടിത്തം തന്റെ ലക്ഷ്യമായി കാണുന്നു. ഈ രണ്ടു ലക്ഷ്യങ്ങളും ഒന്നായി ചേരുമ്പോൾ കർമ്മവും മാർഗ്ഗവും ഒന്നാകുന്ന ആത്മജ്ഞാനപരമായ അസ്ഥയിൽ മനുഷ്യൻ എത്തിച്ചേരും.

# പരിശുദ്ധന്മാരുടെ മദ്ധ്യസ്ഥതയുടെ വേദപുസ്തകാടിസ്ഥാനം



ഫാ. യൂഹാനോൻ

ക്രിസ്തുവിനുവേണ്ടി ധീരോചിതമായി ജീവിതം നയിച്ച് വാങ്ങിപ്പോയ പുണ്യവാന്മാരെയും പുണ്യവതികളെയും ക്രിസ്തുവിന്റെ ശരീരമാകുന്ന സഭയിലെ അംഗങ്ങളെന്ന നിലയിൽ സഭ ആദരിക്കുകയും അവരുടെ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിക്കുകയും ചെയ്യുന്നു. അവരെ യേശുക്രിസ്തുവിന് സമന്മാരോ, പകരക്കാരോ ആയിട്ടല്ല സഭ കാണുന്നത്. ക്രിസ്തുവാകുന്ന വെളിച്ചം തട്ടി ശോഭിക്കുന്ന ചന്ദ്രന്മാർ മാത്രമാണെന്ന് സഭ പഠിപ്പിക്കുന്നു. കൂടാതെ അവരുടെ കബറിടങ്ങളും തിരുശേഷിപ്പുകളും വഴി അനുഗ്രഹം ലഭിക്കുമെന്ന് ഓർത്തഡോക്സ് സഭ പഠിപ്പിക്കുകയും ചെയ്യുന്നു.

**എന്താണ് മദ്ധ്യസ്ഥ പ്രാർത്ഥന?**

ഒരുവൻ അപരനുവേണ്ടി പ്രാർത്ഥിക്കുന്നതാണ് മദ്ധ്യസ്ഥപ്രാർത്ഥന. പ്രാർത്ഥനയുടെ പ്രതിഫലം ഐഹിക പ്രതാപവും സമ്പത്തും നൽവരങ്ങളും രോഗസൗഖ്യവും സുഖസൗകര്യാദികളും ആണെന്നു മാത്രം ധരിച്ചിരിക്കുന്നവർ ധാരാളം ഉണ്ട്. ഇന്ന് മദ്ധ്യസ്ഥ പ്രാർത്ഥന എന്നാൽ രോഗശാന്തിയും ലൗകികക്ലേശങ്ങളിൽ നിന്നും ഏയഥാർഥമായി ഒളിച്ചോടുന്ന വൈകാരിക സംതൃപ്തിയും ആണെന്ന് ധരിച്ചുവച്ചിരിക്കുന്നവരുമുണ്ട്. അവർക്കു മദ്ധ്യസ്ഥ പ്രാർത്ഥന ജീവനോടിരിക്കുന്ന കാലത്ത് വിശ്വാസികൾ ജീവനോടിരിക്കുന്നവർക്കുവേണ്ടി നടത്തുന്ന ഉദ്ദിഷ്ട കാര്യങ്ങളുടെ ചോദിച്ചുവാങ്ങൽ മാത്രമാണ്.

**ആരാണ് വിശുദ്ധന്മാർ?**

വാങ്ങിപ്പോയ വിശുദ്ധന്മാർ ദൈവസന്നിധിയിൽ ജീവനോടെ മരിക്കുന്നുവെന്ന് ബൈബിൾ വെളിപ്പെടുത്തുന്നു.

❖ അവർ ദൈവത്താൽ നീതീകരിക്കപ്പെട്ടവരാണ് (റോമർ 8:30).

❖ ദൈവവുമായി നിരന്തര സംസർഗ്ഗം പുലർത്തുന്നവർ ലൂക്കോ. 9:28-36; മത്താ. 17:18; മർക്കോ. 5: 2-8).

❖ ദൈവശക്തിയെപ്പറ്റി സംസാരിക്കുകയും തന്റെ അത്ഭുതങ്ങളെപ്പറ്റി പുകഴ്ത്തുകയും ചെയ്യുന്നവർ (സങ്കീ. 145:10-12).

❖ ദൈവത്തെ പ്രസാദിപ്പിക്കുന്നവർ (ഫിലി. 1: 23; 2 കൊരി. 5:6-9).

❖ ദൈവവുമായി മുഖാമുഖമിരിക്കുന്നവർ ( 1 കൊരി. 13:12).

❖ സ്വർഗ്ഗത്തിൽ പൗരത്വം നേടിയവർ (ഫിലി. 3:20).

❖ കർത്താവിനോടൊത്ത് വീണ്ടും വരുന്നവർ (സഖ. 14:5; ആർ. 33:2-3).

❖ ദൈവസന്നിധിയിൽ വിശ്രമിക്കുന്നവർ (വെളി. 14:13)

❖ ദൈവത്തോടൊപ്പം വസിക്കുന്ന ശുശ്രൂഷകർ യോഹ. 12:26).

❖ ഭക്തിപൂർവ്വം മറ്റുള്ളവർക്കുവേണ്ടി അഭയയാചന ചെയ്തുകൊണ്ടിരിക്കുന്നവർ (യാക്കോ. 5:16). വാങ്ങിപ്പോയിട്ടും ഭൂമിയിലുള്ളവർക്കുവേണ്ടി ദൈവത്തോട് പ്രാർത്ഥിക്കുന്നർ (അവർ. 9:27-28; യെശ. 37:35; യിര 15:1).

❖ പരിശുദ്ധന്മാരെ അംഗീകരിക്കുന്നവർക്ക് അവരുടെ പ്രാർത്ഥന വഴിയായി അനുഗ്രഹം ലഭിക്കും (മത്താ. 10:40-41).

❖ വിശുദ്ധന്മാരുടെ നാമത്തിൽ അഭയയാചന കഴിച്ചാൽ നമുക്ക് അനുഗ്രഹം ലഭ്യമാകും (ആവർ. 9:27-28; യെശ. 37:35; യിര. 15:1).

❖ വാങ്ങിപ്പോയ വിശുദ്ധന്മാരുടെ മദ്ധ്യസ്ഥതമൂലം ദൈവം ലോകത്തോട് കരുണചെയ്യും (പുറ. 32:13-14; ആവർ. 9:26).

❖ ദാവീദ് ഗോത്രത്തലവന്മാരായ പിതാക്കന്മാരിൽ അഭയം പ്രാപിച്ചുകൊണ്ട് പ്രാർത്ഥിക്കുന്നു (സങ്കീ. 74:2; 106:45).

❖ ശലോമോൻ തന്റെ പിതാവായ ദാവീദിനെ സ്മരിച്ചുകൊണ്ട് മദ്ധ്യസ്ഥത യാചിക്കുന്നു (സങ്കീ. 132:10).

❖ മൺമറഞ്ഞ പിതാക്കന്മാരെ ഓർത്ത് ദൈവം യിസ്രായേൽ ജനത്തെ അനുഗ്രഹിച്ചു (പുറ. 2:24; 1 ഷലുല. 11:32-34; 2 രാജ. 13:23; 19:34).

❖ പരിശുദ്ധന്മാർ നിമിത്തം ദൈവം നമ്മെ വഴിനടത്തും (ഉല്പ. 26:24).

❖ പരിശുദ്ധന്മാർ ദൈവസിംഹാസനത്തിന് മുമ്പിൽ നിരന്തരമായി നമസ്ക്കരിച്ചു കൊണ്ടിരിക്കുന്നു (വെളി. 4: 10-19; 5:8; 11:14; 6:9-11).

❖ വിശുദ്ധന്മാർ നമുക്കുവേണ്ടി ദൂതന്മാരോടൊത്ത് പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നു (വെളി. 8:3-4).

❖ പരിശുദ്ധന്മാരും, സകല വാങ്ങിപ്പോയവരും, ജീവുള്ളവരുംകൂടി സമ്മേളിക്കുന്നതാണ് ദൈവത്തിന്റെ സഭയെന്ന് പൗലോസ് അപ്പോസ്തലൻ ഓർപ്പിക്കുന്നു (എബ്രാ. 12:22-24).

❖ പരിശുദ്ധന്മാരുടെ സംഘം നമ്മോടൊപ്പം നിൽക്കുന്നതിനാൽ വിശുദ്ധരായി ജീവിക്കുവാൻ പൗലോസ് നമ്മോട് ആഹ്വാനം ചെയ്യുന്നു (എബ്രാ. 12:1).

**പരിശുദ്ധന്മാരുടെ ഓർമ്മ എന്തിന്?**

◆ അവരുടെ ധീരോചിതമായ ജീവിതത്തെ അനുകരിക്കുവാൻ പ്രചോദനമേകുന്നു.

◆ സഭയ്ക്കുവേണ്ടിയും ക്രിസ്തുവിനുവേണ്ടിയും അവർ ചെയ്ത നന്മകളെ സ്മരിക്കുവാൻ ഇടയാവുന്നു.

◆ അവരുടെ കൗദാശിക ജീവിതത്തിന്റെ ശ്രേഷ്ഠത നമുക്ക് പുണ്യജീവിതത്തിന് മാർഗ്ഗദർശിയാകുന്നു.

◆ അവരുടെ പ്രാർത്ഥനയാൽ സൗഖ്യവും, സന്തോഷവും മറ്റ് അനുഗ്രഹങ്ങളും ദൈവത്തിൽ നിന്ന് ലഭിക്കുന്നു.

◆ ഈ ലോകത്തിൽ ജീവിച്ച് അവർ ആത്മിക സുകൃതങ്ങളിലൂടെ നേടിയെടുത്ത വിശുദ്ധ ജീവിതത്തിൽ ജീവിക്കുവാൻ പരിശുദ്ധന്മാർ ആഹ്വാനം ചെയ്യുന്നു.

◆ സത്യവിശ്വാസത്തിൽ അടിയുറച്ച ജീവിതം നയിക്കുവാൻ നമുക്ക് ഇടയാകുന്നു.

**വിശുദ്ധരുടെ മാഹാത്മ്യം**

**ഭൂമിയിലെ വിശുദ്ധന്മാരോ അവർ എനിക്കു പ്രസാദമുള്ള ശ്രേഷ്ഠന്മാർ തന്നെ (സങ്കീ. 16:3) എന്ന വേദവാക്യം വിശുദ്ധരുടെ മാഹാത്മ്യം വ്യക്തമാക്കുന്നു. അവരുടെ ശ്രേഷ്ഠതയുടെ അടിസ്ഥാനം ദൈവപ്രസാദമുള്ളവർ ആയിരിക്കുന്നു എന്നതാണ്. എബ്രയർ 11:5ൽ ഹാനോക്കിന്റെ മാഹാത്മ്യം വിവരിക്കുന്നുണ്ട്. ദൈവത്തെ പ്രസാദിപ്പിച്ച് സാക്ഷ്യം പ്രാപിച്ചു എന്നതാണത്. അതിന്റെ ഫലമായി മരിച്ചശേഷവും വിശ്വാസത്താൽ സംസാരിച്ചുകൊണ്ടിരിക്കുന്ന (എബ്രാ. 11:4) അവസ്ഥയിലെത്താൻ വിശുദ്ധർക്ക് കഴിയുന്നു. ഇതു മുഖാന്തരം അവർ ദൈവിക മഹത്വത്തിന് പങ്കാളികളാവുകയാണ്.** അവർ ആരും തന്നെ സ്വന്തം നിലയിലല്ല ദൈവിക പ്രകാശത്തിലാണ് പ്രശോഭിതരായിരിക്കുന്നത്. അഥവാ ദൈവം നമ്മോടുകൂടെ എന്ന അവസ്ഥ പ്രാപിച്ചവരാണവർ. അതുകൊണ്ടാണ് നീതിമാന്റെ ശ്രദ്ധയോടുകൂടിയ പ്രാർത്ഥന വളരെ ഫലിക്കുന്നു (യാക്കോബ്. 5:16) എന്നു വേദം അനുശാസിക്കുന്നത്. കർത്താവിനു വിശുദ്ധരുടെ മരണം വിലയേറിയതാകുന്നു എന്നു സങ്കീർത്തനക്കാരൻ പറയുന്നു. നീ എന്റെ പ്രാണനെ പാതാളത്തിൽ വിടുകയില്ല; നിന്റെ പരിശുദ്ധനെ ദ്രവത്വം കാൺമാൻ സമ്മതിക്കുകയുമില്ല എന്ന സങ്കീർത്തന പ്രബോധനം വിശുദ്ധന്മാരുടെ മാഹാത്മ്യം കൂടുതൽ സ്പഷ്ടമാക്കുന്നു. ദൈവിക സംസർഗ്ഗത്തിൽ നിന്നകലുവാനോ വിശുദ്ധൻ നശിച്ചുപോകുവാനോ ദൈവം സമ്മതിക്കുകയില്ലെന്നും അവൻ ദൈവത്തോടൊപ്പം രാപകൽ അവനെ ആരാധിച്ചു കഴിയുന്നു (വെളി. 7:15) എന്നും ഈ വേദഭാഗങ്ങൾ വ്യക്തമാക്കിത്തരുന്നു.

**വിശുദ്ധർ പ്രാർത്ഥിക്കുന്നത് പ്രയോജനപ്പെടുമോ?**

നീതിമാന്മാർക്കും ദൈവത്തിന് പ്രസാദമുള്ള വിശുദ്ധർക്കും പ്രത്യേകമായ സ്വാധീനം ദൈവത്തിന്റെ മുമ്പാകെ ഉണ്ട്. അസാദ്ധ്യമെന്ന് കരുതിയിരുന്ന സംഗതികൾ വിശുദ്ധരുടെ ഇടപെടൽ മൂലം സാധിതമായ അനേകം ഉദ്ദാഹരണൾ വേദഗ്രന്ഥത്തിലുണ്ട്. ഒന്നാമതായി യോഹന്നാൻ 2:1-11 രെയുള്ള വാക്യങ്ങളിൽ വിവരിക്കുന്ന കാനാവിലെ വിവാഹവിരുന്നിൽ നാഴിക ഇതുവരെ വന്നിട്ടില്ല എന്ന് കർത്താവു പറഞ്ഞു. എങ്കിലും തന്റെ അമ്മ മദ്ധ്യസ്ഥത വഹിച്ചതുകൊണ്ടുമാത്രം അവർക്ക് അത്ഭുതകരമായ അനുഗ്രഹം നൽകിയതായി കാണുന്നു. ഈ അമ്മയെ ലോകത്തിൽ നിന്നും കടന്നുപോയതിനുശേഷം കർത്താവ് അഗണ്യമായി കരുതും എന്നും ചിന്തിക്കുന്നത് മൗഢ്യമല്ലേ? ഇയ്യോബ് 42:7-10 വരെയുള്ള വാക്യങ്ങളിൽ ശ്രദ്ധിക്കുക. എന്റെ ദാസനായ ഇയ്യോബിനെപ്പോലെ വിഹിതമായത് സംസാരിച്ചിട്ടില്ല. ആകയാൽ നിങ്ങൾ... ഇയ്യോബിന്റെ അടുക്കൽ കൊണ്ടുചെന്ന് നിങ്ങൾക്കുവേണ്ടി ഹോമയാഗം കഴിപ്പിൻ. എന്റെ ദാസനായ ഇയ്യോബ് നിങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കും. ഞാൻ അവന്റെ മുഖം ആദരിച് നിങ്ങളുടെ മൂഢതയ്ക്കു തക്കവണ്ണം നിങ്ങളോടു ചെയ്യാതിരിക്കും. യഹോവ ഇയ്യോബിന്റെ മുഖത്തെ ആദരിച്ചു. ഇവിടെ യഹോവ ഇയ്യോബിനെ എങ്ങനെ കരുതുന്നു എന്നും ഇയ്യോബിലൂടെ മാത്രം പ്രവർത്തിക്കുന്നു എന്നും ശ്രദ്ധിക്കുക. ഉല്പ. 18:26ൽ അമ്പത് നീതിമാന്മാരെ കാണുന്നു എങ്കിൽ അവരുടെ നിമിത്തം ആ സ്ഥലത്തോടൊക്കെയും ക്ഷമിക്കും എന്ന് യഹോവ അരുളിച്ചെയ്യുന്നു. ഏതാനും നീതിമാന്മാർ നിമിത്തം അനേകം അധമന്മാർക്ക് പ്രയോജനം നൽകാം എന്ന് യഹോവ സമ്മതക്കുന്നു. തുടർന്ന് അബ്രഹാമിന്റെ മദ്ധ്യസ്ഥതവഴി

പത്ത് നീതിമാന്മാരെ പ്രതി പട്ടണം മുഴുവൻ രക്ഷിക്കാം എന്ന് യഹോവ അരുളിച്ചെയ്യുന്നു. അബീമേലെക്ക് മരിക്കാതിരിക്കേണ്ടതിന് അബ്രഹാം നിനക്കുവേണ്ടി പ്രാർത്ഥിക്കട്ടെ എന്ന് യഹോവ സ്വപ്നത്തിൽ അബീമേലെക്കിനോട് പറയുന്നു (ഉല്പ. 20:7). ഇവിടെയും ദൈവം തന്നെ മദ്ധ്യസ്ഥത ആവശ്യപ്പെടുന്നു. മോശയുടെ ആംഗ്യം അനുസരിച്ചാണ് യിസ്രായേൽ ജയിക്കുകയും അമാലേക്ക് തോൽക്കുകയും ചെയ്തത് (പു. 17:11). ഇത് പ്രത്യേക മദ്ധ്യസ്ഥതയല്ലേ കാണിക്കുന്നത്?. ആവർ. 9:18ൽ മോശ നാല്പത് രാവും പകലും ഉപവസിച്ച് യിസ്രായേൽ ജനത്തിനുവേണ്ടി മദ്ധ്യസ്ഥത യാചിച്ചു എന്നും 27-ാം വാക്യത്തിൽ അബ്രഹാം, യിസഹാക്ക്, യാക്കോബ് എന്നിവരുടെ ജീവിതത്തെ ഓർത്ത് യിസ്രായേൽക്കാരോട് കരുണ ചെയ്യുവാൻ പ്രാർത്ഥിക്കുന്നതായും കാണുന്നു. യിരെ. 15:1ന് മോശയും ശമുവേലും എന്റെ മുമ്പിൽ നിന്നാലും എന്റെ മനസ്സ് ഈ ജനത്തിലേക്ക് ചായുകയില്ല എന്ന് കാണുന്നു. ഇവിടെ മോശയും ശമുവേലും പോലുള്ളവർ യഹോവയുടെ മുമ്പാകെ നിന്നാൽ സാധാരണഗതിയിൽ പ്രയോജനമുണ്ടെന്നല്ലേ കാണിക്കുന്നത്. സദൃ.10:7ൽ നീതിമാന്റെ ഓർമ്മ അനുഗ്രഹിക്കപ്പെട്ടതെന്നും മത്താ. 10:40-41ൽ നീതിമാൻ എന്നുവച്ച് നീതിമാനെ കൈക്കൊള്ളുന്നവന് നീതിമാന്റെ പ്രതിഫലം ലഭിക്കും എന്നു കാണുന്നതും നീതിമാനെ (പരിശുദ്ധനെ) ആദരിക്കുന്നത് അഭികാമ്യമാണെന്നും സൂചിപ്പിക്കുന്നു. മാത്രമല്ല, എബ്രായ ലേഖകൻ അനുസ്മരിപ്പിക്കുന്നത് നിങ്ങളോട് ദൈവവചനം പ്രസംഗിച്ച് നടത്തിയവരെ ഓർത്തുകൊൾവിൻ. അവരുടെ ജീവാവസാനം ഓർത്ത് അവരുടെ വിശ്വാസം അനുകരിപ്പിൻ എന്നുമാണ്. അതായത് സുവിശേഷത്തിൽ നടത്തിയവരെ ഓർക്കണം. അവരുടെ ജീവിതാന്ത്യം അനുസ്മരിക്കണം, അവരെ അനുകരിക്കണം എന്നാണല്ലോ അർത്ഥം. ഇങ്ങനെ വിശുദ്ധർ ദൈവതിരുമുമ്പാകെ പ്രത്യേകം സ്ഥാനമുള്ളവരാണെന്നും അവരുടെ പ്രാർത്ഥനമൂലം ദൈവിക കരുണ ലഭിക്കുമെന്നും അവരുടെ ഓർമ്മ ആചരിക്കുന്നത് അനുഗ്രഹപ്രദമാണെന്നും തെളിയുന്നു.

എന്തുകൊണ്ട് പെന്തക്കോസ്തുകാർക്ക് വിശുദ്ധന്മാർ ഉണ്ടാകുന്നില്ല?. കാരണം അടിസ്ഥാനങ്ങൾ മറഞ്ഞുപോയാൽ നീതിമാൻ എന്തുചെയ്യും എന്ന വാക്യമാണ് ഓർക്കേണ്ടത്. സത്യസഭയിൽ നിന്ന് അടിസ്ഥാനം ഇളക്കി ഓടിയിരിക്കുന്നതിനാൽ നീതിമാന്മാരാകുവാൻ ദൈവം അനുവദിക്കുന്നില്ല. ഒരു നീതിമാന് ആദ്യം വിശ്വാസ സ്ഥിരതയാണ് വേണ്ടത്.

# തോമ്മാശ്ലീഹാ അടിയുറച്ച വിശ്വാസത്തിന്റെ പോരാളി



സുനിൽ കെ.ബേബി

യേശുക്രിസ്തുവിന്റെ 12 ശിഷ്യന്മാരിൽ ഒരാളായിരുന്ന വി. തോമ്മാശ്ലീഹാ ഇന്ത്യയിൽ ക്രിസ്തുമതം പ്രചരിപ്പിക്കുവാൻ നിയോഗിക്കപ്പെട്ട ധന്യാത്മാവായിരുന്നു അദ്ദേഹം ഊർജസ്വലനായിരുന്നു. ജനത്തെപ്പറ്റിയോ, തൊഴിലിനെപ്പറ്റിയോ വ്യക്തമായി പരാമർശിച്ചിട്ടില്ല. മലങ്കര ഓർത്തഡോക്സ് സഭയുടെ കാവൽ പിതാവായ അദ്ദേഹത്തിന്റെ പേരിലാണ് കാതോലിക്കാ സിംഹാസനം (പരിശുദ്ധ മർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢായിരിക്കുന്ന) അറിയപ്പെടുന്നത്. ആദ്യ മൂന്നു സുവിശേഷങ്ങളിൽ പേരു മാത്രമാണ് പരാമർശിക്കുന്നതെങ്കിൽ യോഹന്നാന്റെ സുവിശേഷത്തിൽ കുറേകൂടി കൂടുതലായി പറയുന്നുണ്ട്.

സംശയാലുവായ ശിഷ്യൻ എന്നു തോന്നുമെങ്കിലും അങ്ങനെയല്ല, നേരിട്ടു കണ്ടാൽ മാത്രമേ വിശ്വസിക്കുകയുള്ളു എന്ന പ്രകൃതക്കാരനായിരുന്നു. മറ്റുള്ളവർ പറഞ്ഞ് വിശ്വസിക്കുന്നതിലപ്പുറം നേരിട്ട് കണ്ട് വിശ്വസിക്കുന്നതിനാണ് ശ്രമിച്ചത്. യേശു ഉയർത്തെഴുന്നേറ്റ് ശിഷ്യന്മാർക്ക് ആദ്യം പ്രത്യക്ഷപ്പെടുമ്പോൾ തോമസ് അവർക്കൊപ്പം ഇല്ലായിരുന്നു. പിന്നീട് യേശു വന്ന കാര്യം സഹശിഷ്യന്മാർ പറഞ്ഞപ്പോൾ അദ്ദേഹം വിശ്വസിച്ചില്ല. അവന്റെ കൈകളിൽ ആണിപ്പഴുതു കാണുകയും ആ ആണിപ്പഴുതിൽ വിരലിടുകയും അവന്റെ വിലാപ്പുറത്ത് കൈയിടുകയും ചെയ്തിട്ടല്ലാതെ ഞാൻ വിശ്വസിക്കുകയില്ലാ എന്നാണ് അദ്ദേഹം പറഞ്ഞത്. പിന്നീട് തോമസും കൂടി ഉള്ളപ്പോൾ യേശു പ്രത്യക്ഷപ്പെട്ടു. നിന്റെ വിരൽ ഇവിടെ കൊണ്ടുവരിക, എന്റെ കൈകൾ കാണുക, നിന്റെ കൈ നീട്ടി എന്റെ വിലാപ്പുറത്ത് ഇടുക, അവിശ്വാസിയാകാതെ വിശ്വാസിയായിരിക്കുക എന്ന് യേശു പറയുമ്പോൾ ഇതുകേട്ട് തെളിവുകൾ പരിശോധിക്കാതെ "എന്റെ കർത്താവും എന്റെ ദൈവവുമേ" എന്ന്, തന്റെ വിശ്വാസം ഏറ്റു പറയുന്നതായി നമുക്ക് ബൈബിളിൽ കാണുവാൻ സാധിക്കും. അടിയുറച്ചു വിശ്വസിക്കുന്ന രീതിയാണ് തോമ്മാശ്ലീഹായുടേത്. വിശ്വസിച്ചാൽ അതിൽ നിന്ന് അണുവിട വ്യതിചലിക്കുകയില്ലായിരുന്നു, അതായിരുന്നു സവിശേഷത.

എ.ഡി. 52ൽ കൊടുങ്ങല്ലൂരിൽ എത്തിയ തോമ്മാശ്ലീഹാ ബ്രാഹ്മണരുൾപ്പെടെ നിരവധി പേരെ ക്രിസ്തീയ വിശ്വാസത്തിൽ കൊണ്ടുവന്നു. അനവധി അത്ഭുതങ്ങൾ പ്രവർത്തിച്ചു. കൊടുങ്ങല്ലൂർ, പാലയൂർ, കോക്കമംഗലം, പറവൂർ, നിരണം, കൊല്ലം, നിലയ്ക്കൽ എന്നിവിടങ്ങളിലായി ഏഴു പള്ളികളും ഒരു അരപ്പള്ളിയും സ്ഥാപിച്ചു.

മൈലാപ്പൂരിൽ വച്ച് ക്രിസ്തുവിനായി രക്തസാക്ഷിയായി തന്റെ അരുമനാഥന്റെ സന്നിധിയിലേക്ക് കടന്നുപോയി. അടിയുറച്ച വിശ്വാസത്തിന്റെ പോരാളിയായ തോമ്മാശ്ലീഹായുടെ ഓർമ്മ ജൂലൈ മൂന്ന് സെന്റ് തോമസ് ദിനമായി സഭ ആചരിക്കുന്നു.

## റമ്പാൻ സ്ഥാനം നൽകി



സുൽത്താൻ ബത്തേരി ഭദ്രാസനത്തിൽ ഫാ. പി. വി. സ്റ്റീഫന് അഭിവന്ദ്യ എബ്രഹാം മാർ എപ്പിഫാനിയോസ് സ്തേഫാനോസ് റമ്പാൻ എന്ന പേരിൽ റമ്പാൻ സ്ഥാനം നൽകി. ജൂൺ 26 ന് കേളകം സെന്റ് തോമസ് ശാലേം പള്ളിയിൽ വച്ചായിരുന്നു സ്ഥാനാരോഹണം. 1954 നവംബർ 9 ന് പന്തളം കുടശ്ശനാട് കളിയിക്കൽ മീനത്തേൽ കുടുംബത്തിൽ വർഗീസിന്റെയും ഏലിയാമ്മയുടെയും മകനായി ജനിച്ചു. 1976 ഫെബ്രുവരി 28 ന് കശ്ശീശാപട്ടം സ്വീകരിച്ചു. കാസർകോട്, കണ്ണൂർ, വയനാട് ജില്ലകളിലുള്ള വിവിധ ഇടവകകളിൽ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ഇപ്പോൾ ബഡേരി-വടുവഞ്ചാൽ സെന്റ് ജോർജ്ജ് പള്ളി വികാരിയായി സേവനം അനുഷ്ഠിക്കുന്നു. നിർമ്മലഗിരി അരമനയിൽ താമസിക്കുന്നു.

## എ. ജി. ജോസഫ് റമ്പാൻ ചെങ്ങമനാട് ആശ്രമം സുപ്പീരിയർ



ചെങ്ങമനാട് ബേതലഹേം ആശ്രമത്തിന്റെ സുപ്പീരിയറായി തെരഞ്ഞെടുക്കപ്പെട്ട എ. ജി. ജോസഫ് റമ്പാൻ (58) തിരുവനന്തപുരം ഭദ്രാസനത്തിൽപ്പെട്ട ചെങ്കുളം സെന്റ് ജോർജ്ജ് പള്ളിയിലെ അംഗമാണ്. പരുമല സെമിനാരി അസിസ്റ്റന്റ് മാനേജരായും വള്ളിക്കാട്ട് ദയറായുടെയും തിരുവനന്തപുരം അരമനയുടെയും മാനേജരായും സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ഇടമൺ, ഒറ്റക്കൽ, തെന്മല, വാളകം, അമ്പലക്കര, തിരുമംഗലം, ചണ്ണപ്പേട്ട, തഴമേൽ, മീൻകുളം, പെരുങ്കുഴി, നീലേശ്വരം, അരിങ്കട, അയപന്നൂർ, പാമ്പനാർ(ഇടുക്കി) എന്നീ ഇടവകകളിൽ വികാരിയായിരുന്നിട്ടുണ്ട്. ഇപ്പോൾ ചക്കുവരയ്ക്കൽ മാർ അപ്രേം പള്ളി വികാരിയാണ്.

## ഡോക്ട്രേറ്റ്



മലബാർ ഭദ്രാസനത്തിലെ വൈദികനായ ഫാ. ജോൺ സഖറിയ ഇ-കാലിക്കറ്റ് സർവകലാശാലയിൽ നിന്ന് സോഷ്യോളജിയിൽ ഡോക്ട്രേറ്റ് നേടി. ബഹുമാനിതനായ പ്രൊഫ. ഡോ. ജോണി സി.ജോസഫായിരുന്നു ഗവേഷണത്തിന്റെ മേൽനോട്ടം വഹിച്ചിരുന്ന അദ്ധ്യാപകൻ. സാമൂഹ്യ ക്രമങ്ങളിൽ മതത്തിന്റെ അനുകൂല-പ്രതികൂല സ്വാധീനം എന്നതായിരുന്നു ഗവേഷണ വിഷയം.

# ന്യൂയോർക്ക് സെന്റ് ബേസിൽ ഇടവകയ്ക്ക് പുതിയ ദേവാലയം

അമേരിക്കയിലെ ഇന്ത്യൻ ഓർത്തഡോക്സ് സഭയുടെ പ്രമുഖ ദേവാലയങ്ങളിൽ ഒന്നായ ഫ്രാങ്ക്ളിൻ സ്ക്വയർ സെന്റ് ബേസിൽ ഓർത്തഡോക്സ് ദേവാലയം പുനർനിർമ്മാണം പൂർത്തിയാക്കി ജൂൺ 11, 12 തീയതികളിൽ കൂദാശ നിർവഹിച്ചു.

1990-ൽ ഫാ. പി.എസ്.സാമുവേലിന്റെ (വെരി.റവ. ഡോ.പി.എസ്. സാമുവേൽ കോർ എപ്പിസ്കോപ്പ) നേതൃത്വത്തിൽ ആരംഭിച്ച ഈ കൂട്ടായ്മ വിരലിൽ എണ്ണാൻ മാത്രം ഏതാനും വീട്ടുകാരോടുകൂടിയാണ് തുടക്കമിട്ടത്. ആദ്യകാലങ്ങളിൽ ഗാർഡൻ സിറ്റിയിൽ എപ്പിസ്കോപ്പൽ സഭയുട ഒരു ചാപ്പലിലാണ് ആരാധന നടത്തിയിരുന്നത്. 1992ലാണ് തോമസ് പോൾ അച്ചൻ വികാരിയായി നിയമിക്കപ്പെട്ട്. 2001ൽ ഫ്രാങ്ക്ളിൻ സ്ക്വയറിൽ സ്വന്തമായി പണികഴിപ്പിച്ച ദേവാലയത്തിലേക്ക് മാറിയതോടെ ഇടവകയുടെ പ്രവർത്തനം കൂടുതൽ കാര്യമമായി. എല്ലാ ഞായറാഴ്ചയും രാവിലെ എട്ടുമണിക്ക് പ്രഭാത നമസ്കാരവും തുടർന്ന് വിശുദ്ധ കുർബ്ബാനയും അർപ്പിക്കുന്നു. സെപ്റ്റംർ ആദ്യവാരം നടത്തുന്ന കൺവൻഷൻ സഭയിലെ പ്രല്ഭരായ പ്രഭാഷകരുടെ പ്രസംഗങ്ങളാൽ പ്രത്യേകം ശ്രദ്ധിക്കപ്പെടുന്നവയാണ്. പരിശുദ്ധ പരുമല തിരുമേനിയുടെ ഓർമ്മപ്പെരുന്നാളിനോടനുബന്ധിച്ച് നവംബർ ആദ്യവാരം നടത്തുന്ന ഉപവാസ പ്രാർത്ഥനയിൽ പങ്കുകൊണ്ട് അനുഗ്രഹം പ്രാപിച്ചു മടങ്ങുന്നവർ വളരെയാണ്. ഈ ഇടകയിൽ 82 കുടുംബങ്ങളിലായി 350-ൽ പരം അംഗങ്ങളുണ്ട്.

ദേവാലയത്തിൽ അംഗസംഖ്യ കൂടിവന്നതിനാൽ വിപുലമായ സൗകര്യങ്ങളോടുകൂടി ഈ ആരാധനാലയം പുതുക്കി പണിയണെന്ന് തീരുമാനിച്ചതനുസരിച്ച് 2008 നവംബർ 2-ാം തീയതി ഭദ്രാസന മെത്രാപ്പോലീത്ത അഭിവന്ദ്യ മാത്യൂസ് മാർ ബർന്നബാസ് പുതിയ ദേവാലയത്തിനു തറക്കല്ലിട്ടു. തുടർന്ന് ദേവാലയം നിർമ്മിതിക്കുവേണ്ടി അർപ്പമനോഭാത്തോടുകൂടി ഒരു ബിൽഡിംഗ് കമ്മിറ്റി നിർമ്മാണ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം നൽകി അക്ഷിണം പ്രവർത്തിച്ചുപോന്നു. കൂട്ടായ യത്നത്തിന്റെ ഫമായി മനോരമായി പണികഴിപ്പിച്ച ഈ ദേവാലയത്തിന്റെ കൂദാശ ഭദ്രാസന മെത്രാപ്പോലീത്ത അഭിവന്ദ്യ മാത്യൂസ് മാർ ബർന്നബാസിന്റെയും സഹായ മെത്രാപ്പോലീത്ത അഭിവന്ദ്യ സഖറിയാസ് മാർ നിക്കോളോവോസിന്റെയും പ്രധാന കാർമികത്വത്തിൽ നിർവ്വഹിക്കപ്പെട്ടു.



ഇടവകാംഗങ്ങളിലെ അനുഗ്രഹീതരായ ഗായകരുൾപ്പെട്ട ഗായകസംഘത്തോടൊപ്പം മറ്റുള്ളവരും ഒന്നിച്ചുചേർന്ന് ശ്രുതിമധുരമായി ആലപിക്കുന്ന ഗാനങ്ങളുടെ അകമ്പടിയോടെ സ്വരമാധൂരികൊണ്ടും ഭക്തിനിർഭരമായ പ്രാർത്ഥനാശൈലി കൊണ്ടും അനുഗ്രഹീതനായ വികാരി ഫാ. തോമസ് പോൾ അർപ്പിക്കുന്ന ദിവ്യബലി ആത്മീയ നിറവിൽ ആരാധന കാംക്ഷിക്കുന്ന വിശ്വാസികളെ സ്വർഗ്ഗീയമായ അനുഭൂതിയിലേക്ക് ഉയർത്തുന്നു. എല്ലാ ദിവസവും സന്ധ്യാ പ്രാർത്ഥനയുള്ള ഈ ദേവാലയത്തിൽ ബുധനാഴ്ചയും വെള്ളിയാഴ്ചയും മദ്ധ്യസ്ഥ പ്രാർത്ഥനകളും നടത്തിവരുന്നു.

# വർഗീസ് ചെമ്മനം സംസ്ഥാനത്തെ മികച്ച ഡോക്ടർ



2010-ലെ മികച്ച ഡോക്ടർക്കുള്ള സംസ്ഥാന സർക്കാരിന്റെ അവാർഡ് മലങ്കര സഭാംഗമായ ഡോ. പി. ഐ. വർഗീസ് ചെമ്മനത്തിനാണ്. ഡോ. പി. ഐ. വറുഗീസ് പരിശുദ്ധ മാത്യൂസ് പ്രഥമൻ ബാവായുടെയും, പരിശുദ്ധ മാത്യൂസ് ദ്വിതീയൻ ബാവായുടെയും ഡോക്ടറായിരുന്നു. ആതുര ശുശ്രൂഷാ രംഗത്ത് 50 വർഷം പൂർത്തിയാക്കുന്ന ഡോക്ടർക്ക് 75-ാം വയസ്സിൽ ലഭിക്കുന്ന അംഗീകാരമാണ് ഈ അവാർഡ്. സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളിലെ മികച്ച ഡോക്ടർമാർക്കുള്ള അവാർഡാണ് ഇപ്പോൾ ലഭിച്ചിരിക്കുന്നത്.

കോട്ടയം എസ്.എച്ച്. മെഡിക്കൽ സെന്ററിലെ ഫിസിഷ്യനും ഡയബറ്റോളജിസ്റ്റുമാണ്. 23 വർഷം കോട്ടയം മെഡിക്കൽ കോളേജിൽ ഫിസിഷ്യനായി സേവനം അനുഷ്ഠിച്ചു. 1990ലാണ് മെഡിക്കൽ കോളേജിൽ നിന്നു റിട്ടയർ ചെയ്തത്.

ആതുര സേവന രംഗത്ത് നിസ്തുല സേത്തിന് 2001ൽ ഐ.എം.ഐ.യുടെ അവാർഡും അസോസിയേഷൻ ഓഫ് ഫിസിഷ്യൻ ഓഫ് ഇൻഡ്യയുടെ സർട്ടിഫിക്കേറ്റ് ഓഫ് ഓണർ പദവിയും നൽകി ആദരിച്ചു.

ലോക പ്രമേഹദിനമായ നവംബർ 14-ന് സംസ്ഥാന വ്യാപകമായി നടത്തിയ പ്രമേഹ ബോധവൽക്കരണ പരിപാടി ജനശ്രദ്ധ ആകർഷിച്ചിരുന്നു. പ്രമേഹം ഉൾപ്പെടെയുള്ള വിഷയങ്ങളിലായി 5 ഗ്രന്ഥങ്ങളും രചിച്ചിട്ടുണ്ട്.

# പിതാക്കന്മാരുടെ ഓർമ്മപ്പെരുന്നാൾ

*“നീതിമാന്റെ ഓർമ്മ വാഴ്‌വിനായി തീരട്ടെ”*



**സഖറിയാസ് മാർ ദീവന്നാസ്യോസ്**
**മെത്രാപ്പോലീത്ത**
**(പത്തനാപുരം ദയറ)**
7-07-2010



**പുലിക്കോട്ടിൽ**
**ജോസഫ് മാർ ദിവന്നാസ്യോസ്**
**പരുമല സെമിനാരി സ്ഥാപകൻ**
11-07-2010



**ഗീവർഗീസ് മാർ ദീയസ്ക്കോറോസ്**
**മെത്രാപ്പോലീത്ത**
**(ഹോളി ട്രിനിറ്റി ആശ്രമം സ്ഥാപകൻ)**
23-07-2010

# അമ്മ മലയാളവും... മമ്മി മലയാളവും

ഷോബിൻ ഫിലിപ്പ്, അബുദാബി

ഞാൻ പറയും ലോകത്തിൽ ജനിക്കുന്ന ഓരോ കുഞ്ഞും എന്റെ ഭാഷ മലയാളം പറഞ്ഞുകൊണ്ടാണ്, കരഞ്ഞുകൊണ്ടാണ് പിറക്കുന്നതെന്ന്. ലോകത്തിലെ ഏറ്റവും വലിയ സർവ്വകലാശാലയായ അമ്മയുടെ മടിതട്ടിലേക്ക് ഒരു ചോരകുഞ്ഞ് അമ്മേ എന്നു വിളിച്ചു സമർപ്പിക്കുന്നു. നമ്മൾ മലയാളികൾക്കൊരു ഭാഗ്യമുണ്ടണ്ടായി. ആരും പഠിപ്പിക്കാതെ തന്നെ ആദ്യം വിളിച്ച അമ്മ എന്ന വാക്ക് നമ്മുടെ ഭാഷയുടെ അടിസ്ഥാനമാകുന്നു. അ - അമ്മ, അന്നം, അറിവ്.

ഇന്ന് യു.എ.യിൽ ഒരു പറ്റം ചെറുപ്പക്കാർ കയ്യും മെയ്യും മറന്ന് സ്കൂൾ അവധികാലമാകുമ്പോൾ നാട്ടിൽ പോകാൻ കഴിയാത്ത കുട്ടികൾക്ക് മണ്ണിനെയും മനുഷ്യനെയും പരിചയപ്പെടുത്താൻ, ഭൂമിയിൽ നിന്നു നഷ്ടപ്പെട്ടു പോകുന്ന നന്മകളെ കാട്ടികൊടുക്കുവാൻ, അവന്റെ പൈതൃകവും വേരുകളും കണ്ടെത്താൻ സഹായിക്കുന്ന പ്രവർത്തനങ്ങളിൽ മാസങ്ങളുടെ മുന്നൊരുക്കത്തോടെ തയ്യാറെടുക്കുന്നു.

തുടക്കത്തിൽ ബ്രിട്ടീഷ് പ്രേതം ബാധിച്ച, കേണൽമാരെപ്പോലെ നടക്കുന്ന, ഈ ഭൂമി സ്വയം തിരിയുന്നതല്ല, ഞങ്ങൾ തിരിക്കുന്നതാണെന്ന് വിചാരിക്കുന്ന ചിലരുടെ എതിർപ്പുകൾ ഉണ്ടായേക്കാം, അല്ല ഉണ്ടാകണം, അതാണ് നമ്മുടെ ഊർജ്ജം. ഈ കുട്ടികൾക്ക് മലയാളം മനസിലാകില്ല എന്നു നമ്മളെ തെറ്റിദ്ധരിപ്പിക്കും. മലയാളം സംസാരിച്ചാൽ നിങ്ങളുടെ സംസ്കാരം ഇടിഞ്ഞു താഴുമെന്ന് ചില ഭാവങ്ങളിലൂടെയെങ്കിലും കുട്ടികളെ ബോധ്യപ്പെടുത്താൻ ശ്രമിക്കും. കൃത്രിമമായി കെട്ടിപ്പൊക്കിയ സ്റ്റാറ്റസിനെയും നാളത്തേക്ക് വില്ക്കാൻ വച്ചിരിക്കുന്ന കരിയറിനെയും അതു മോശമായി ബാധിക്കുമെന്ന് ഭയപ്പെടുന്നു.

ഒരു ഭാഷയും അധികപ്പറ്റല്ല, അതു പഠിക്കണം, അതിനെ അശ്ലേഷിക്കണം, അതിലെ മുത്തുകളും പവിഴങ്ങളും കണ്ടെത്തണം. അപ്പോൾ മാത്രമേ നമ്മൾ കൂടതൽ സംസ്കാര സമ്പന്നരാകു. പക്ഷെ സ്വന്തം സംസ്കാരത്തെ തള്ളിപറയുന്നതും പൈതൃകത്തെ വികൃതമാക്കുന്നതും ആത്മഹത്യാപരമാണ്. മാധ്യമങ്ങളിൽ പ്രത്യക്ഷപ്പെടുന്ന അല്പവസ്ത്രധാരികൾ പറയുന്ന അശ്ലീലമാണ് ഭാഷ എന്നു നമ്മൾ തെറ്റിധരിക്കരുത്. പക്ഷെ നിർഭാഗ്യവശാൽ ഏതു ഭാഷയേയും അങ്ങനെയൊക്കെതന്നെ ഉപയോഗിക്കുവാനാണ് ജനസാമാന്യത്തിന് താത്പര്യം.

ഏതു ഭാഷ പഠിക്കുന്നതിനും ഒരു അടിസ്ഥാന ഭാഷ ആവശ്യമാണ്. അതാവണം നമ്മൾക്ക് മാതൃഭാഷ - അമ്മ മലയാളം. ലോകത്തിൽ തന്റെ സംസ്കാരത്തെയും ഭാഷയേയും പുച്ഛത്തോടെ കാണുന്ന വിഭാഗമുണ്ടെങ്കിൽ അതു മലയാളിയല്ലാതെ മറ്റാരുമാവില്ല. പാശ്ചാത്യ രാജ്യങ്ങളിലെ പുതിയ തലമുറയുടെ ജീവിതത്തെക്കുറിച്ച് ഞാൻ അജ്ഞനാണ്. ഒരുപക്ഷെ അവരുടെ വേരുകൾ ദ്രവിച്ചിട്ടുണ്ടാകണം. ഇനി മലയാള മണ്ണിന്റെ സമ്പുഷ്ടതയെ തേടിപ്പോകാൻ, അലഞ്ഞുതിരിയാൻ അതിനു മനസുണ്ടാകണമെന്നില്ല, ശക്തിയുണ്ടാകണമെന്നില്ല. കുറ്റപ്പെടുത്തുന്നില്ല; പുതിയ സാഹചര്യങ്ങൾ നിങ്ങളെ നിർബന്ധിതമാക്കുന്നെങ്കിൽ ....എങ്കിലും മറന്നോളൂ... എന്നു പറയാൻ ഞാൻ അശക്തനാണ്.

പക്ഷേ ഞങ്ങൾ മടങ്ങിപോകേണ്ടിയവർ ആണ്, പൂർവ്വികരുടെ അസ്ഥിമാടങ്ങളിൽ നാളെ സ്വസ്ഥമായി ഉറങ്ങേണ്ടവരാണ്. നമ്മൾക്കെങ്ങനെ പുതിയ തലമുറയെ ഈ സംസ്കൃതിയിൽ നിന്നു വിടർത്താനാകും? ഏറ്റവും കുറഞ്ഞതു ഈ തലമുറയെയെങ്കിലും മാറോടു ചേർത്തുപിടിക്കാൻ നമ്മൾക്കാവില്ലേ?

തുമ്പിയേയും തുമ്പയേയും മുത്തശ്ശിയുടെ ഊഞ്ഞാൽ കാതുകളെയും അമ്മച്ചിയുടെ ചട്ടയേയും വിശറിവാലുള്ള മുണ്ടിനെയും കുറിച്ചു നിങ്ങൾ പറയൂ...അവർ കേൾക്കും.

ഇത് കല്പനികമല്ല, കാലികം തന്നെ. ഭാരതമെന്നു കേൾക്കുമ്പോൾ അന്തരംഗത്തിൽ അഭിമാനമുണ്ടാകാതിരിക്കുകയും കേരളമെന്നു കേൾക്കുമ്പോൾ ഞരമ്പുകളിൽ ചോര തിളയ്ക്കാതിരിക്കുകയും ചെയ്യുന്ന തലമുറയെ നമുക്ക് സൃഷ്ടിക്കാതിരിക്കാം!



ഞാൻ വിടവാങ്ങുന്നു, ഈ വരികളെ നിങ്ങൾക്കു പിന്തുണയ്ക്കാം, പിന്നിൽ നിന്നു കുത്താം, അല്ലെങ്കിൽ പയ്യാരം പറയാം....

ശുഭ പ്രതീക്ഷയോടെ

# നേതൃപാടവം

സി.കെ.ജേക്കബ് ജോയ്

കേരളത്തിൽ നേതാക്കൾക്ക് പഞ്ഞമില്ല. എന്നാൽ മാതൃകാ നേതാക്കളായി ചൂണ്ടിക്കാണിക്കാൻ എത്രപേരുണ്ടെന്ന് ചോദിച്ചാൽ, ഉത്തരം പെട്ടെന്ന് കണ്ടെത്താനായെന്നു വരില്ല. എന്താകാം അതിനു കാരണമെന്ന് ചികയുമ്പോൾ പല യാഥാർത്ഥ്യങ്ങളും വെളിച്ചത്തുവരും. ആത്മാർത്ഥതക്കുറവ് തന്നെയാണ് പ്രധാന കാരണം. "കുട്ടിക്കുരങ്ങിനെക്കൊണ്ട് ചുടുചോറ് മാന്തിക്കുന്ന" സ്വഭാവക്കാരായ നേതാക്കളുടെ സംഖ്യയാണ് രാഷ്ട്രീയമേഖലയിൽ ഏറെയും കാണുന്നത്. സ്വന്തകുറ്റം മറച്ചുപിടിക്കാൻ, അത് സൗകര്യപൂർവ്വം മറ്റുള്ളവരിൽ ചുമത്തി സ്വയം നീതീകരണത്തിന് ശ്രമിക്കുന്നവരുടെ സംഖ്യയും ചെറുതല്ല. വിജയം കൈവരിക്കുമ്പോൾ അത് തന്റെ കഴിവുകൊണ്ടാണെന്ന് അവകാശപ്പെടുകയും, പരാജയമാവുമ്പോൾ അത് അണികളുടെ തലയിൽ വെച്ചു കെട്ടുകയും ചെയ്യുന്ന പ്രവണതയും ധാരാളമായി കണ്ടുവരുന്നു. ഒരുവന്റെ കുറ്റമാണെങ്കിൽ പോലും, അത് പർവ്വതീകരിക്കാതെ, അതിന് പരിഹാരം കാണാൻ ശ്രമിക്കുന്ന സത്യസന്ധതയും അനുദിനം കൈമോശം വന്നുകൊണ്ടിരിക്കുകയാണ്. തെറ്റ് മനുഷ്യസഹജമാണെന്നിരിക്കെ, തെറ്റുപറ്റിയ വ്യക്തിയെ പരിഹാസപാത്രമാക്കാതെ, അതിന് പരിഹാരം കണ്ടെത്തിക്കൊടുക്കുന്ന നേതാവ് ഏറെ ബഹുമാനിക്കപ്പെടും. ഇംഗ്ലീഷിൽ 'ഡോഗ്മാറ്റിസം'(ദീഢമതം) എന്നൊരു വാക്കുണ്ട്. തെളിവുകളൊന്നുമില്ലാതെ, അധികാരഭാവത്തോടെ എന്തിനെപ്പറ്റിയെങ്കിലും പറയുകയും അതിൽ കടിച്ചുതൂങ്ങി കിടക്കുന്നവരെയും വിശേഷിപ്പിക്കാനാണീ പദം ഉപയോഗിക്കാറ്. ധാർമികതയ്ക്ക് വേണ്ടിയുള്ള പോരാട്ടം നേതാവിന് അലങ്കാരമാവുമെങ്കിലും, "താൻ പിടിച്ച മുയലിന് മൂന്ന് കൊമ്പ്" എന്ന് വാദിക്കുന്ന നേതാക്കളെ ജനം ഏറെ കാലം വെച്ചു പൊറുപ്പിക്കുമെന്ന് തോന്നുന്നില്ല.

നേതാവായി ആരും ജനിക്കുന്നില്ലെന്ന് പറയാമെങ്കിലും, ദൈവം ചിലരെ ചില പ്രത്യേക ദൗത്യനിർവ്വഹണത്തിന് നേതാക്കളായി തിരഞ്ഞെടുത്തിട്ടുണ്ടെന്ന് കാണാൻ സാധിക്കും. ഇസ്രയേൽ ജനതയെ മിസ്രയീമിൽ നിന്ന് നയിച്ചുകൊണ്ടുവരുവാൻ ദൈവം മോശയെയാണ് നേതാവായി തിരഞ്ഞെടുത്തത്. തിരഞ്ഞെടുത്ത രീതിയും തികച്ചും ശ്രദ്ധേയമാണ്. മിദ്യാനിലെ പുരോഹിതനും, തന്റെ അമ്മായിയപ്പനുമായ യിത്രോയുടെ ആടുകളെ മേയിച്ചുകൊണ്ടിരിക്കുമ്പോഴാണ് മുൾപടർപ്പിന്റെ നടുവിൽ നിന്ന് അഗ്നിജ്വാലയിൽ മോശക്ക് ദൈവം പ്രത്യക്ഷപ്പെട്ടത്. മുൾപടർപ്പ് തീപിടിച്ച് കത്തുന്നതും, വെന്തുപോകാതിരിക്കുന്നതും കണ്ട മോശക്ക് അത് അത്ഭുതകാഴ്ചയായിരുന്നു. ദൈവം മുൾപടർപ്പിന്റെ നടുവിൽ നിന്നാണ് മോശയെ പേർ പറഞ്ഞ് വിളിച്ചത്. "നീ നിൽക്കുന്ന സ്ഥലം വിശുദ്ധ ഭൂമിയാകയാൽ കാലിൽ നിന്ന് ചെരിപ്പ് അഴിച്ചുകൊള്ളുക" എന്ന ശബ്ദമാണ് മോശ കേട്ടത്. അതനുസരിച്ച മോശയോട് ദൈവം സംസാരിക്കുന്നതായാണ് വിശുദ്ധ വേദപുസ്തകത്തിൽ വായിക്കുന്നത്. (പുറപ്പാട് 3 ാം അധ്യായം) "യിസ്രയേൽ മക്കളുടെ നിലവിളി എന്റെ അടുക്കൽ എത്തിയിരിക്കുന്നു, മിസ്രയീമ്യർ അവരെ ഞെരുക്കുന്ന ഞെരുക്കവും ഞാൻ കണ്ടിരിക്കുന്നു. ആകയാൽ വരിക, നീ എന്റെ ജനമായ യിസ്രയേൽ മക്കളെ മിസ്രയീമിൽ നിന്ന് പുറപ്പെടുവിക്കേണ്ടതിന് ഞാൻ നിന്നെ ഫറവോന്റെ അടുക്കൽ അയക്കും" എന്നാണ് ദൈവം മോശയോട് അരുളിച്ചെയ്യുന്നത്. (പുറപ്പാട് 3-9-10)പൊടുന്നനെയുണ്ടായ ഈ സംഭവത്തോട് പൊരുത്തപ്പെടാൻ മോശക്ക് ആവുന്നില്ല. കാരണം അവൻ ചെയ്തുപോന്നിരുന്ന ജോലിയിൽ നിന്നും തികച്ചും വ്യത്യസ്തമായ ഒരു ചുമതലയാണ് അവന് ലഭിക്കുന്നത്. മാനുഷികമായ പല സംശയങ്ങളും മോശ ഉന്നയിക്കുമ്പോൾ അതിനെല്ലാം തക്കവിധത്തിൽ ദൈവം മറുപടി നൽകുന്നതായി ഈ അധ്യായത്തിൽ വായിക്കുന്നു. ഒടുവിൽ ആണ് മോശ തന്റെ ശാരീരിക വൈകല്യം ചൂണ്ടികാണിച്ച്, ദൗത്യം ഏറ്റെടുക്കാനുള്ള വൈമനസ്യം പ്രകടിപ്പിക്കുന്നത്. "ഞാൻ വാക്സാമർത്ഥ്യമുള്ളവനല്ല, ഞാൻ വിക്കനും തടിച്ച നാവുള്ളവനും ആകുന്നു" എന്ന യാഥാർത്ഥ്യം മോശ ഓർമ്മിപ്പിക്കുന്നുണ്ട്. (പുറപ്പാട് 3,10)ദൈവം അതിനും തക്കതായ മറുപടി നൽകി മോശയെ ധൈര്യപ്പെടുത്തുന്നതായി കാണുന്നു. ദൈവം ആരെ നേതാവായി തിരഞ്ഞെടുക്കുന്നുവോ, അവന് വേണ്ടുന്ന നേതൃത്വകഴിവുകളും ദൈവം നൽകുമെന്നാണ് ഈ വേദഭാഗം നമ്മെ പഠിപ്പിക്കുന്നത്. പറയേണ്ടത് പറയേണ്ടിടത്ത് പറയേണ്ടുന്നപോലെ പറയിപ്പിക്കാനും, ചെയ്യേണ്ടത് ചെയ്യേണ്ട അവസരത്തിൽ ചെയ്യേണ്ടപോലെ ചെയ്യിക്കുവാനും ദൈവം കൃപ നൽകുമെന്ന പാഠവും ഇതിൽ ഉൾകൊള്ളുന്നുണ്ട്.

സ്വതന്ത്ര ഇന്ത്യയുടെ ആദ്യത്തെ പ്രധാനമന്ത്രിയായ ജവഹർലാൽ നെഹ്റുവിന്റെ നേതൃപാടവം പലരും പ്രകീർത്തിക്കാറുണ്ട്. അദ്ദേഹത്തിന്റെ കുടുംബ മഹിമ, മെച്ചപ്പെട്ട വിദ്യാഭ്യാസം, ശരീര ഘടന, പെരുമാറ്റം ഇവയെല്ലാം അനുകൂല ഘടകങ്ങളായി പ്രവർത്തിച്ചതുകൊണ്ടാകാം, അദ്ദേഹം ഒരു നേതാവായി അംഗീകരിക്കപ്പെട്ടിരിക്കുക. മാത്രമല്ല, പ്രായോഗിക തലത്തിൽ തന്റെ കഴിവുകൾ സമന്വയിപ്പിച്ചു കൊണ്ടു പോകാൻ അദ്ദേഹത്തിന് സാധിച്ചതും, അദ്ദേഹത്തെ അക്കാലത്തെ അനിഷേധ്യ നേതാവാക്കി മാറ്റാൻ സഹായകമായി. നെഹ്റുവിനുശേഷം ഇന്ത്യയുടെ ഗതി എന്താവുമെന്ന് ഓർത്ത് വ്യാകുലപ്പെട്ടിരുന്നവരുണ്ടായിരുന്നുവെന്നതാണ് യാഥാർത്ഥ്യം. എന്നാൽ അതിനുശേഷം ലാൽ ബഹദൂർ ശാസ്ത്രി പ്രധാനമന്ത്രിയായി ചുമതലയേൽക്കുകയും, ഭരണകാര്യങ്ങളിൽ തന്റെ വൈദഗ്ധ്യം സംശയലേശമെന്യെ പ്രകടിപ്പിക്കയുമുണ്ടായി. ശാസ്ത്രിക്ക് നെഹ്റുവിനോളം ആകാരവടിവില്ലാഞ്ഞിട്ടും, കുടുംബമഹിമ അവകാശപ്പെടാനില്ലാഞ്ഞിട്ടും, ദൗത്യനിർവ്വഹണത്തിൽ അദ്ദേഹം വിജയിക്കയുണ്ടായി. വിശ്വസ്തത, ആത്മാർത്ഥത, ദേശസ്നേഹം, ലക്ഷ്യബോധം, ഇച്ഛാശക്തി എന്നീ ഗുണങ്ങളെല്ലാം അദ്ദേഹത്തിൽ സമ്മേളിച്ചപ്പോൾ, അത് അദ്ദേഹത്തെ നല്ല നേതാവാക്കി മാറ്റി.

ഒരു നേതാവിനുവേണ്ട അടിസ്ഥാന യോഗ്യതകളിലൊന്ന്, താൻ വിശ്വസിക്കുന്ന തത്വസംഹിതകളെപ്പറ്റിയുള്ള അഗാധമായ അവബോധമാണ്. കാര്യകാരണ സഹിതം അത് മറ്റുള്ളവർക്ക് സംശയലേശമെന്യെ മനസ്സിലാക്കി കൊടുക്കുവാനുള്ള കഴിവും നേതാവിനുണ്ടാവണം. കേൾവിക്കാർക്ക് ഇഷ്ടപ്പെടുന്ന വിധത്തിലും, മനസ്സിലാവുന്ന രീതിയിലും അവതരിപ്പിച്ച്, കേൾക്കുന്നവരിൽ മനം മാറ്റം ഉണ്ടാക്കാൻ നേതാ

വിന്നാവണം. വ്യക്തത, വിശ്വാസ്യത, സൂക്ഷ്മത, എന്നിവയെല്ലാം നേതാവിൽ സമ്മേളിച്ചാൽ ഇത് അനായാസം സ്വായത്തമാക്കാൻ നേതാവിന്നാവും. യേശുക്രിസ്തുവിന്റെ ശിഷ്യന്മാർ എറെയൊന്നും വിദ്യാഭ്യാസം ലഭിക്കാത്തവരായിരുന്നു. പക്ഷെ, അവർക്ക് മനസ്സിലാവുന്ന വിധത്തിൽ പല ഉപമകളും ഉദ്ധരിച്ച്, ഗഹനമായ വിഷയങ്ങൾ തീർത്തും ലഘൂകരിച്ച് നൽകാൻ യേശുവിനായി. ഉപമകളുടെ പിൻബലത്തിൽ യേശു സംസാരിച്ചപ്പോൾ, അതിന് കേൾവിക്കാർ ഏറെയുണ്ടായി. അദ്ദേഹത്തിന്റെ ഉപദേശങ്ങളിൽ വ്യക്തതയുണ്ടായിരുന്നു, വിശ്വാസ്യത ഉണ്ടായിരുന്നു.

ജോൺ മിൽട്ടൺ എന്ന ആംഗലേയ കവി അദ്ദേഹത്തിന്റെ വിശ്വ വിഖ്യാത കാവ്യമായ "പാരഡൈസ് ലോസ്റ്റ്"(പറുദീസ നഷ്ടം)ൽ, പ്രധാന കഥാപാത്രമായ സാത്താന്റെ ചില സ്വഭാവ വൈശിഷ്ട്യങ്ങൾ വിവരിക്കുന്നു. പ്രതികൂല സാഹചര്യങ്ങളിൽ ആയപ്പോഴും തന്റെ ഇച്ഛാശക്തിക്ക് കോട്ടം തട്ടിക്കാതെ, അനുയായികളെ കർമോന്മുഖരാക്കാൻ സാത്താൻ നടത്തിയ പ്രസംഗം മിൽട്ടൻ അതിമനോഹരമായി പ്രസ്തുത കാവ്യത്തിൽ വിവരിക്കുന്നുണ്ട്. പറുദീസ്സയിൽ ദൈവസാന്നിദ്ധ്യത്തിൽ കഴിഞ്ഞിരുന്ന പ്രധാന മാലാഖയായാണ് സാത്താനെ കാവ്യത്തിൽ ആദ്യം പരിചയപ്പെടുക. ദൈവത്തിന് കീഴ്പ്പെട്ടു നിൽക്കണമെന്നതൊഴിച്ച്, ഈ പ്രധാന മാലാഖയ്ക്ക് മറ്റൊരു കുറവും സ്വർഗത്തിൽ ഉണ്ടായിരുന്നില്ല. എന്നാൽ ദൈവത്തെപോലെയാകാനുള്ള തീവ്രമായ വാഞ്ഛയാൽ, ദൈവത്തിന്റെ അപ്രീതിക്ക് പാത്രമാവുകയും, സ്വർഗത്തിൽ നിന്ന് നിഷ്ക്കാസനം ചെയ്യപ്പെടുകയുമാണുണ്ടാവുന്നത്. ഈ മാലാഖയോട് കൂറുപ്രഖ്യാപിച്ചവരും സ്വർഗത്തിൽ നിന്ന് പുറത്താക്കപ്പെട്ടു. ഇവർ ചെന്നു പതിച്ചതാകട്ടെ അഗാധ ഗർത്തത്തിലും. സ്ഥലകാലബോധമെല്ലാം നശിക്കും വിധമായിരുന്നു ഇവരുടെ പതനം. സൗഭാഗ്യങ്ങളുടെ നടുവിൽ നിന്ന് ഇല്ലായ്മയുടെ പടുകുഴിയിൽ നിഷ്കാസിതനായി കഴിയുമ്പോൾ സാത്താനിലെ നേതൃപാടവം ഉണരുന്നതായാണ് കവി വർണിക്കുന്നത്. തന്റെ വാക്കുകൾ വിശ്വസിച്ച് തന്നോടൊപ്പം ഇറങ്ങിത്തിരിച്ച അണികളോടുള്ള കടപ്പാട് സാത്താൻ മറക്കുന്നില്ല. തനിക്ക് ഒറ്റക്ക് നിലനിൽപ്പില്ലാതാകുമെന്ന ഭയമാകണം, സാത്താൻ തന്നോടൊപ്പം വീണു കിടക്കുന്നവരെ ഉത്തേജിപ്പിക്കാൻ ശ്രമിക്കുന്നത്. സ്വയം ശക്തിയാർജിപ്പിക്കാൻ സാത്താൻ ശ്രമിക്കുന്നതായാണ് കവി വിവരിക്കുന്നത്. "സ്വർഗത്തിൽ ദാസനായി ജീവിക്കുന്നതിനേക്കാൾ, നരകത്തിൽ രാജാവായി വാഴുകയാണ് നല്ലത്" എന്ന തീരുമാനം സാത്താൻ കൈക്കൊള്ളുന്നു. ഇത് സ്വയം ബോധ്യപ്പെടുത്തിയ ശേഷം, സാത്താൻ അണികൾക്ക് കൈമാറുകയാണ്. തങ്ങൾക്ക് ഒന്നും എന്നെന്നേക്കുമായി നഷ്ടമായിട്ടില്ലെന്നും, ദൈവത്തോട് യുദ്ധം ചെയ്ത്, താൽക്കാലികമായി നഷ്ടപ്പെട്ടത് തിരിച്ചുപിടിക്കാനുള്ള ശ്രമം ആരംഭിക്കാനാണ് സാത്താൻ അണികളെ ആഹ്വാനം ചെയ്യുന്നത്. നിരാശയിൽ കഴിഞ്ഞിരുന്ന തന്റെ അനുയായികളെ കർമപഥത്തിലേക്ക് നയിക്കാൻ സാത്താന്റെ വാക്കുകൾക്കാവുന്നുണ്ട്. സാത്താന്റെ വാക്കുകൾക്ക് വ്യക്തതയുണ്ടായിരുന്നു, ലക്ഷ്യമുണ്ടായിരുന്നു, അണികളിൽ ആവേശം പകരാനുള്ള ആർജവവും ഉണ്ടായിരുന്നു. കവിയുടെ ഭാവന ഇവിടെ അവസാനിക്കുന്നുവെങ്കിലും, ദൈവാനുകൂലികളെ, ദൈവത്തിൽ നിന്ന് അകറ്റുവാൻ സകല തന്ത്രങ്ങളും പയറ്റി, ഇന്നും സാത്താൻ തന്റെ യുദ്ധമുറ നടത്തിക്കൊണ്ടിരിക്കയല്ലേ എന്ന് ചിന്തിക്കുന്നത് ഔചിത്യമാവും.

ക്ഷിപ്രകോപവും, തന്മൂലമുണ്ടാവുന്ന എടുത്തുചാട്ടവും നേതാവിന്റെ ഭൂഷണമായി കണക്കാക്കാൻ ആവില്ല. പെരുമാറ്റത്തിൽ, ഇടപെടലുകളിൽ, സംസാരത്തിൽ എന്നിവയിലെല്ലാം മാതൃക കാട്ടുന്നവനാവണം യഥാർത്ഥ നേതാവ്. ദുർമാർഗത്തിൽ ജീവിച്ചുപോന്ന ഒരു സ്ത്രീയെ, യേശുവിന്റെ മുമ്പിൽ, ശിക്ഷവിധിക്കാനായി കൊണ്ടുവന്നപ്പോൾ യേശുവിന്റെ പ്രതികരണം തികച്ചും ശ്രദ്ധേയമാണ്. മോശയുടെ ന്യായപ്രമാണമനുസരിച്ച്, ദുർമാർഗത്തിന് പിടിക്കപ്പെട്ട സ്ത്രീയെ കല്ലെറിഞ്ഞു കൊല്ലണമെന്നാണ് ചട്ടമെങ്കിലും, ക്രൂരമായ ശിക്ഷാവിധിയെക്കാൾ, കരുണാർദ്രമായ സമീപനമാണ് യേശുവിൽ നിന്നുണ്ടാവുന്നത്. "നിങ്ങളിൽ പാപം ഇല്ലാത്തവർ ഇവളെ കല്ലെറിയട്ടെ" എന്ന .യേശുവിന്റെ ഉത്തരത്തിൽ എല്ലാ മർമവും അടങ്ങിയിട്ടുണ്ട്. മോശയുടെ ന്യായപ്രമാണം പൂർണമായി അംഗീകരിച്ചുകൊണ്ട്, അതിന്റെ ഗതിയൊന്നു മാറ്റാനേ യേശു ശ്രമിച്ചുള്ളൂ. പക്ഷെ, പാപിനിയായ സ്ത്രീയെ കല്ലെറിയാൻ ആരും മുതിർന്നില്ല. എറിയാൻ കല്ലെടുത്തവരെല്ലാം കല്ലുകൾ താഴെയിട്ട് അവിടം വിട്ടു പോകയാണുണ്ടായത്. ശിക്ഷ നടപ്പാക്കുന്നതിനേക്കാളേറെ നന്മ ചെയ്യുകയാണ് രക്ഷാകരമായ നടപടിയെന്നാണല്ലോ യേശു ക്രിസ്തു ഇവിടെ പ്രായോഗികമാക്കുന്നത്. ഒരു യഥാർത്ഥ നേതാവിന്റെ സ്വഭാവ മഹിമയാണ് യേശു ഇവിടെ പ്രകടിപ്പിച്ചത്.

സോക്രട്ടീസ്സിന് തന്റെ ആശയങ്ങൾ, മറ്റുള്ളവർക്ക് പകർന്നു നൽകാൻ അപാരകഴിവുണ്ടായിരുന്നു. എന്നാൽ ഭാര്യക്ക് സോക്രട്ടീസ്സിന്റെ വാക്കുകൾ തീർത്തും അരോചകമായിരുന്നു. അവർ ഒരിക്കൽ കോപം അടക്കാനാവാതെ പൊട്ടിത്തെറിച്ച് സോക്രട്ടീസ്സിനു നേരെ ചീറിയടുത്തു ശകാരവർഷങ്ങൾ കൊണ്ട് ഭർത്താവിനെ മൂടി. സോക്രട്ടീസ് ക്ഷമയോടെ അതെല്ലാം കേട്ടുനിന്നു. ഭർത്താവ് ഒട്ടും പ്രകോപിതനാവുന്നില്ലെന്നു കണ്ടപ്പോൾ, കോപം മൂത്ത ഭാര്യ അദ്ദേഹത്തിന്റെ തലയിൽ വെള്ളം കോരി ഒഴിച്ചു. അപ്പോൾ സോക്രട്ടീസ് ഇപ്രകാരമാണത്രെ പ്രതികരിച്ചത്. "ഇടിയ്ക്കും, മിന്നലിനും പിന്നാലെ മഴ വരുമെന്ന് അറിയാമായിരുന്നു". സമചിത്തത കൈവിടാതെ എല്ലാം ശാന്തമായി നേരിടുവാനുള്ള സഹനശക്തി, വ്യക്തിയെ അതുല്യനാക്കി മാറ്റുമെന്ന് ഇതിൽ നിന്ന് വ്യക്തമാണല്ലോ. ഒരു നല്ല നേതാവിനു വേണ്ട ഗുണവും ഇതുതന്നെ.

സമുദ്രയാത്രയിൽ പാലിച്ചുപോരുന്ന ഒരു കീഴ്വഴക്കമുണ്ട്. കപ്പൽ അപകടത്തിൽപ്പെട്ടാൽ, കപ്പലിലെ യാത്രക്കാരുടെ സുരക്ഷിതത്വത്തിന്നാവണം കപ്പിത്താൻ മുൻഗണന നൽകേണ്ടതെന്നാണ് അത്. ഏതെല്ലാം വിധത്തിൽ, തന്റെ കപ്പലിലെ യാത്രക്കാരെ അപകടത്തിൽ നിന്ന് രക്ഷിക്കാനാവുമോ, അതെല്ലാം പ്രയോഗിക്കാൻ കപ്പിത്താന് ഉത്തരവാദിത്തമുണ്ട്. യാത്രക്കാരെല്ലാം സുരക്ഷിതരായെന്ന് ഉറപ്പ് വരുത്തിയശേഷം ഏറ്റവും ഒടുവിൽ മാത്രമെ സ്വയം രക്ഷിക്കാൻ കപ്പിത്താൻ ശ്രമിക്കാവൂ എന്നാണ് ചട്ടം. കപ്പലിന്റെ നേതാവ് കപ്പിത്താനാണെന്നതിനാലാണ്, കപ്പലിലെ യാത്രക്കാരെ രക്ഷിക്കാനുള്ള ഭാരിച്ച ഉത്തരവാദിത്തം കപ്പിത്താനിൽ വന്നുചേരുന്നത്. ഈ കീഴ്വഴക്കം മറ്റു മേഖലകളിലേക്ക് വ്യാപിക്കാനാവാതെ പോവുന്നതാണ് ഇന്നിന്റെ ശാപം.

ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം ലഭിക്കാൻ മഹാത്മ ഗാന്ധി സ്വീകരിച്ച ആയുധം "അഹിംസ" ആയിരുന്നു. ഗാന്ധിജിയുടെ നിശ്ചയദാർഢ്യത്തിനു മുമ്പിൽ ബ്രിട്ടീഷുകാർക്ക് മുട്ടുമടക്കുകയേ നിർവാഹമുണ്ടായിരുന്നുള്ളൂ. പ്രകോപനങ്ങൾ ഒട്ടനവധിയുണ്ടായിട്ടും, സമചിത്തതയോടെ നീങ്ങി, അദ്ദേഹം ആദർശ പുരുഷനായി മാറി.

വാക്കും പ്രവർത്തിയും തമ്മിലുള്ള അന്തരം ഒരു നേതാവിന് ഭൂഷണമല്ലെന്നാണ് ലോകം ആദരിക്കുന്ന ഏറ്റവും വലിയ നേതാവായ യേശുക്രിസ്തു തന്റെ ജീവിതം കൊണ്ട് വെളിപ്പെടുത്തിത്തന്നത്. "നിങ്ങളിൽ വലിയവൻ ഇളയവനെപോലെയും നായകൻ ശുശ്രൂഷിക്കുന്നവനെപോലെയും ആകട്ടെ. ആരാകുന്നു വലിയവൻ? ഭക്ഷണത്തിനിരിക്കുന്നവനോ ശുശ്രൂഷിക്കുന്നവനോ? ഭക്ഷണത്തിനിരിക്കുന്നവൻ അല്ലയോ? ഞാനോ നിങ്ങളുടെ ഇടയിൽ ശുശ്രൂഷിക്കുന്നവനെപോലെ ആകുന്നു".(വി. ലൂക്കോസ് 22:26-28) എന്നതായിരുന്നു യേശുക്രിസ്തുവിന്റെ തത്വം. അവസാന അത്താഴ സമയത്ത് യേശു എഴുന്നേറ്റ് വസ്ത്രം ഊരിവെച്ച് ഒരു തുവർത്തെടുത്ത് അരയിൽചുറ്റി, ഒരുപാത്രത്തിൽ വെള്ളം പകർന്ന് ശിഷ്യന്മാരുടെ കാൽ കഴുകുവാനും, അരയിൽ ചുറ്റിയിരുന്ന തുണികൊണ്ട് തുവർത്താനും തുടങ്ങിയതായി യോഹന്നാന്റെ സുവിശേഷം പതിമൂന്നാം അധ്യായത്തിൽ നാം വായിക്കുന്നുണ്ട്. ഈ മാതൃക കാണിച്ചശേഷം മാത്രമാണ് തന്റെ ശിഷ്യന്മാരോട് ഇപ്രകാരം ചെയ്യാൻ ആവശ്യപ്പെടുന്നത്. "ഞാൻ നിങ്ങൾക്ക് ചെയ്തതുപോലെ നിങ്ങളും തമ്മിൽ തമ്മിൽ കാൽകഴുകേണ്ടതാകുന്നു. ഞാൻ നിങ്ങൾക്ക് ചെയ്തതുപോലെ നിങ്ങളും ചെയ്യേണ്ടതിന് ഞാൻ നിങ്ങൾക്ക് ദുഷ്ടാന്തം തന്നിരിക്കുന്നു" (യോഹ 13:14-15) എന്നായിരുന്നു യേശുക്രിസ്തുവിന്റെ ഉപദേശം. പ്രവർത്തിച്ചത് പറയുമ്പോൾ, അതിന് ആധികാരിത കൈവരുമെന്നതിന് സംശയമില്ലല്ലോ.

എന്നാൽ ഇന്ന് പറയുന്നത് പോലെ പ്രവർത്തിക്കുന്ന നേതാക്കളുടെ എണ്ണം പരിമിതമാണെന്നതാണ് സത്യം. കൈയടി വാങ്ങിക്കാൻ സ്റ്റേജിൽ വാചാലരാവുന്ന നേതാക്കൾ, താഴെയിറങ്ങിയാൽ, പറഞ്ഞതിന് വിപരീതമായി പ്രവർത്തിക്കുന്നത് നേതൃത്വത്തിന്റെ മൂല്യശോഷണമായി മാത്രമേ കാണാനാവൂ.

നേതാവാകാനുള്ള ആഗ്രഹം ഉണ്ടാവുക സ്വാഭാവികമാവാം. എന്നാൽ അത് നിറവേറാൻ നേരായ മാർഗങ്ങൾ സ്വീകരിക്കുന്നതിനു പകരം, കുതികാൽ വെട്ട് നടത്തി നേതൃനിരയിലെത്താനുള്ള വെമ്പൽ രാഷ്ട്രീയമേഖലയിൽ സർവ്വ സാധാരണമാണ്. തന്നെ താനാക്കി വളർത്തിയ നേതാവിനെ തള്ളിപ്പറഞ്ഞാലും, അദ്ദേഹത്തിന്റെ പതനത്തിന് കാരണഭൂതനായാലും, തന്റെ ലക്ഷ്യം നേടണമെന്ന ആഗ്രഹം നടപ്പാക്കിയവരുടെ സംഖ്യ ചെറുതല്ല. ഒരു ഹാസ്യകഥ വായിച്ചത് ഓർമയിൽ വരുന്നു. ഒരു അമേരിക്കക്കാരൻ മരിച്ച് സ്വർഗത്തിൽ ചെന്നു. അദ്ദേഹത്തെ കണ്ടപ്പോൾ ദൈവം തന്റെ സീറ്റിൽ നിന്നെഴുന്നേറ്റ് ഹസ്തദാനം നടത്തി സ്വീകരിച്ചശേഷം ഒരു പ്രത്യേക ഇരിപ്പിടം നൽകി, അതിനു പിന്നാലെ മരിച്ചുചെന്നത് ഒരു ആഫ്രിക്കക്കാരനായിരുന്നു. ദൈവം അദ്ദേഹത്തിനും ഹസ്തദാനം നൽകി, പ്രത്യേക ഇരിപ്പിടം നൽകി. പിന്നീട് അവിടെ എത്തിയത് ഒരു മലയാളിയായിരുന്നു. ദൈവം തന്റെ ഇരിപ്പിടത്തിൽ നിന്നിളകാതെയാണ് ഇരിപ്പിടം കാണിച്ചുകൊടുത്തത്, തന്നോട് ദൈവം കാണിച്ചത് വിവേചനമാണെന്ന് തിരിച്ചറിഞ്ഞ അദ്ദേഹം ദൈവത്തിനോട് ഇത് പരാതി രൂപേണ അറിയിച്ചു. ഇതു കേട്ട ദൈവം ശാന്തനായി ഇപ്രകാരമാണത്രെ പറഞ്ഞത്, "താങ്കളോടുള്ള ബഹുമാനക്കുറവുകൊണ്ടല്ല ഞാൻ എഴുന്നേൽക്കാഞ്ഞത്, ഞാൻ എഴുന്നേറ്റാൽ എന്റെ ഇരിപ്പിടം എനിക്ക് നഷ്ടപ്പെട്ടേക്കുമെന്ന ഭയംകൊണ്ടാണ്".

മോഹൻദാസ് കരംചന്ദ് ഗാന്ധി മഹാത്മാ ഗാന്ധിയായി അറിയപ്പെടുന്നതിന് മുമ്പ്, ജനസേവനത്തിന് ഇറങ്ങിത്തിരിക്കണമെന്ന ആഗ്രഹവുമായി ഗോപാലകൃഷ്ണ ഗോഖലയെ കാണാൻ ചെല്ലുകയുണ്ടായി. തന്റെ ആഗ്രഹം പറഞ്ഞപ്പോൾ, ആദ്യം ഇന്ത്യയുടെ ചരിത്രപശ്ചാത്തലം പഠിക്കാനായിരുന്നുവത്രെ ഉപദേശം. പിന്നീടുള്ള മാസങ്ങളിൽ അദ്ദേഹം നടത്തിയ അന്വേഷണത്തിലാണ് ഇന്ത്യയുടെ ആത്മാവിനെ കാണാനായത്. പശ്ചാത്തല ഗ്രാഹ്യം നേതാവിന്നു വേണ്ട ഗുണങ്ങളിൽ ഒഴിച്ചുകൂടാൻ പറ്റാത്ത ഒന്നാണ്.

നീതിപൂർവമായ തീരുമാനങ്ങൾ കൈകൊള്ളാനുള്ള ആർജവം ഒരു നേതാവിന് ആവശ്യമാണ്. ഉപജാപക വൃന്ദങ്ങൾ നിരത്തുന്ന വസ്തുതകളാവണമെന്നില്ല യഥാർത്ഥ സത്യം. "ഭൂരിപക്ഷാഭിപ്രായം" എന്ന് പറഞ്ഞുകൊണ്ടുള്ള വിധിയെഴുത്ത് ശരിയല്ലെന്നാണല്ലോ യേശുക്രിസ്തുവിനെ കുരിശിൽ തറപ്പിക്കാനുള്ള തീരുമാനത്തിൽ നിന്ന് വ്യക്തമാവുന്നത്. "ഈ മനുഷ്യനിൽ ഞാൻ ഒരു മാറ്റവും കാണുന്നില്ല" എന്ന് ന്യായാധിപൻ പരസ്യമായി പ്രഖ്യാപിച്ച ശേഷം, ജനത്തിന്റെ ആരവാരം കേട്ട്, തന്റെ കസേര ഉറപ്പിക്കാനുള്ള ശ്രമത്തിന്റെ ഭാഗമായി, യേശുവിനെ കുരിശിൽ തറപ്പിക്കാനാണ് വിധിയെഴുത്തുണ്ടായത്. ഇതുപോലെ ഇന്നും അനേക നിരപരാധികൾ, ചെയ്യാത്ത കുറ്റത്തിന് ശിക്ഷിക്കപ്പെടുന്നില്ലേയെന്ന് ചിന്തിച്ചുപോവുകയാണ്. "കരുണയില്ലാത്ത യജമാനന്മാരിൽ നിന്ന് കാത്തുകൊള്ളണം" എന്ന പ്രാർത്ഥന അർത്ഥവത്താണെന്നതിൽ സംശയം എന്താണ്.?

# യുവത്വം എവിടേക്ക്?



ബിനു തങ്കച്ചൻ, മാവേലിക്കര

കഥകളുറങ്ങുന്ന വഴിത്താരകളിൽ നഷ്ട സ്വപ്നത്തിന്റെ ദുരിതക്കയത്തിൽ ആടിയുലയുന്ന യുവത്വം. എല്ലാം നഷ്ടപ്പെടുമെന്ന ചിന്തയിൽ മാത്രം, ആത്മീയത മനസിൽ ഉയർന്നു ദൈവമേയെന്നു കരൾ നുറുങ്ങി കേഴുന്ന യുവത്വം. നവഭാരതത്തിന്റെ ഭാവി തലമുറയെന്നു വാഴ്ത്തപ്പെടുന്ന യുവത്വത്തിനു കാലിടറുകയാണ്. പുതുമയെ പുൽകാനുള്ള വ്യഗ്രതയിൽ, കപട പഥങ്ങളിൽ യുവത്വം ഹോമിക്കപ്പെടുകയാണ്. നൂതന ആത്മീയ ചിന്താധാരയുടെ അഭാവം അവനെ ഉച്ചതയിൽ നിന്നും താഴേക്കു പതിപ്പിച്ചു കഴിഞ്ഞു. മോഹങ്ങളും, സ്വപ്നങ്ങളും കൈവെള്ളയിൽ ചുരുട്ടിപ്പിടിച്ചു പിറന്നു വീഴുന്ന തലമുറ ശൈശവം, കൗമാരം പിന്നിട്ടു യുവത്വത്തിൽ കാലൂന്നുമ്പോൾ കൈവെള്ളയിൽ ശേഷിക്കുന്നതു ചില രേഖകൾ മാത്രം. നഷ്ടം എവിടെയെന്നു ചിന്തിക്കും മുൻപേ അടുത്ത ദുരന്തം അവനെ കാത്തിരിക്കുന്നു. എല്ലാ വഴികളും അടഞ്ഞുവെന്ന ബോധ്യപ്പെടലിൽ അവൻ ഉറക്കെ കേഴും

**എന്റെ ദൈവമേ എന്റെ ദൈവമേ നീ എന്നെ കൈവിട്ടതെന്ത്?.**

സഹസ്രാബ്ദങ്ങൾക്കപ്പുറം മുഴങ്ങിയ ഈ ചോദ്യം മാനവരാശിയുടെ രക്ഷാ മാർഗത്തിന്റേതായിരുന്നു. പക്ഷെ ഇന്നോ സർവ്വസ്വവും തകർന്നവന്റെ ആത്മ പീഡയിൽ നിന്നും ഉയരുന്ന തേങ്ങലല്ലേ അത്. പിഴച്ചതാർക്കാണ്?. യുവത്വത്തിനോ?, യുവത്വത്തിന്റെ ചിന്താധാരകൾക്കോ?, അതോ മാർഗദർശികൾക്കോ?

വഴികാട്ടിയാകേണ്ടവർ ഇടറി വീഴുന്നതു കണ്ടു യുവത്വം തേങ്ങുകയാണു രക്ഷാമാർഗത്തിനായി. എന്തിലും ഏതിലും മക്കൾ ഒന്നാമതെത്തണമെന്നു ആഗ്രഹി ക്കുന്ന മാതാപിതാക്കൾ തുമ്പിയെക്കൊണ്ടു കല്ലെടുപ്പിക്കയാണു ചെയ്യുന്നത്. അവിടെയാണു യുവത്വത്തിന്റെ ഇടർച്ചയ്ക്കു തുടക്കം. പിന്നീട് അധ്യാപകർ, ബന്ധുക്കൾ... ആ ചങ്ങല നീളുമ്പോൾ നഷ്ടമാകുന്നതു യുവത്വത്തിന്റെ പ്രസരിപ്പും, ആഹ്ളാദങ്ങളുമാണ്. മുൻപേ അവന്റെ രാജ്യവും നീതിയും അന്വേഷിപ്പിൻ എന്ന ദൈവ വചനം മറക്കുകയാണു പതിവ്. കാലാന്തരത്തിലെ മാറ്റങ്ങൾ ആവാഹിച്ചു ചിത്രീകരിച്ചാൽ ഒരിക്കലും രക്ഷപെടാനാകാത്ത തമോഗർത്തത്തിലേക്കും പ്രകാശം പോലും കടന്നു ചെല്ലാത്ത അഗാധതയിലേക്കും വഴുതി വീഴുന്ന ചിത്രമാകും ലഭിക്കുക. ***ബന്ധുരക്കാഞ്ചന കൂട്ടിലാണെങ്കിലും ബന്ധനം ബന്ധനം തന്നെ പാരിൽ– എന്ന കവി വാക്യം പോലെ യുവത്വം ബന്ധനങ്ങളിലാണ്. മയക്കമരുന്നിന്റെയും മദ്യത്തിന്റെയും ലഹരിയിലേക്കും, ജീവിതം കശക്കിയെറിയുന്ന കുലടയുടെ കരവലയത്തിലേക്കും യുവത്വം ചെന്നു ചേരുമ്പോൾ ഉയർന്നു വരുന്ന സത്യമുണ്ട്. തമസ്ക്കരിക്കാൻ കഴിയാത്ത നിത്യ സത്യം; ഭൗതീകതയുടെ മോഹവലയത്തിൽ അകപ്പെട്ടു ആത്മീയതയുടെ മൂടുപടം മാത്രമണിയുന്ന നമ്മുടെ ജീവിതം തന്നെയാണു യുവത്വത്തിന്റെ അന്തകൻ.*** ബാലൻ നടക്കേണ്ടുന്ന വഴിയിൽ അവനെ അഭ്യസിപ്പിക്കാതെ ലോക താൽപര്യത്തിനായി നെട്ടോട്ടമോടുന്ന നാം പുത്തൻ തലമുറയിൽ ആത്മീയതയുടെ സ്നേഹ ഔഷധം കുത്തിവെയ്ക്കുന്നതിനു പകരം ക്രൂരതയുടെ പകയുടെ, വിദ്വേഷത്തിന്റെ വിഷം അല്ലേ കുത്തി വെയ്ക്കുന്നത്.

യുവതലമുറ ഇന്നു കഠിനമായ മാനസിക പിരിമുറുക്കത്തിലാണ്. പ്രശ്ന ങ്ങളെ സമചിത്തതയോടെ നേരിടാ നുള്ള ധൈര്യമില്ലാതെ ഭീരുവിനെ പോലെ ഒരു വിഭാഗത്തെ ആത്മഹത്യയിലേക്കു നയിക്കുന്നു. മറു വിഭാഗം അമിത ആത്മ വിശ്വാസത്തോടെ വിവിധ മാഫിയാകളുടെ കരുവാകുന്നു. അവസാനം ഇരുമ്പഴിക്കുള്ളിലേക്കോ, മരണത്തിനോ കീഴടങ്ങുന്നു. ഇരുകൂട്ടരു ടെയും പ്രശ്നം മാനസിക സമ്മർദ്ദം തന്നെ. സമൂഹം ആഗ്രഹിക്കുന്ന സ്ഥാനങ്ങളിൽ എത്തപ്പെടാൻ സാധിക്കാ റില്ലായെന്ന ചിന്തയാൽ അന്തർമുഖരായി മാറുന്നവരും, അന്തർമുഖത്വം ഇല്ലായെ ന്നു കാണിക്കാൻ സ്വയം കെണികളിൽ ചെന്നു ചാടുന്നവരും നാടിനു ശാപമാകു കയാണ്. അവസാനം ആത്മഹത്യ മാത്രം പരിഹാരം എന്നു ചിന്തിക്കുമ്പോൾ യുവത്വം പിരിമുറുക്കത്തിലാണെന്നതിനു മറ്റുദാഹരണം തേടേണ്ട കാര്യമില്ല. പിരിമുറുക്കം കുറയ്ക്കാനെ ന്താണു മാർഗം. യുവതലമുറയുടെ ചിന്താധാരയി ലാണു ആദ്യം മാറ്റം വരേണ്ടത്. എത്തപ്പെടുന്ന സ്ഥാനത്തു കഴിവു തെളിയിച്ചു ഉന്നത സ്ഥാനങ്ങളിൽ എത്താമെന്ന ചിന്താധാര വളർത്തിയെടു ക്കണം. ഹൈ - ഫൈ വൈറ്റ് കോളർ ഉദ്യോഗം മാത്രമല്ല സമൂഹത്തിന്റെ നിലനിൽപ്പ് എന്ന യാഥാർത്ഥ്യം അംഗീകരിക്കുവാൻ തക്കവണ്ണം യുവജ നതയുടെ മനസിൽ പുത്തൻ ചിന്താധാര ഒഴുക്കണം. കുളിരു പകരുന്ന തെളിനീ രൊഴുകുന്ന നീരുറവയായി മനസിൽ ആ ചിന്താധാരകൾ രൂപപ്പെടണം. മാറ്റത്തി നുള്ള പ്രചോദനമായി ആത്മീയ സംഘടന കൾ പുത്തൻ ചിന്താ സരണികളാകണം.

# പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസ്യോസ് II –മന്റെ 101–ാം ഓർമ്മപ്പെരുന്നാൾ സമാപിച്ചു

മലങ്കര സഭയുടെ ഉജ്ജ്വല തേജസ്സായിരുന്ന പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസ്യോസ് രണ്ടാമന്റെ 101–ാം ഓർമ്മ പെരുന്നാൾ ജൂലൈ 10 11 തീയതികളിൽ കോട്ടയം പഴയ സെമിനാരിയിൽ ആഘോഷിച്ചു. 10ന് വൈകിട്ട് നടന്ന



സന്ധ്യാ നമസ്ക്കാരത്തിലും തുടർന്ന് നടന്ന പ്രദക്ഷിണം, ധൂപ പ്രാർത്ഥന, ആശീർവാദം എന്നിയ്ക്ക് നിയുക്ത കാതോലിക്ക പൗലോസ് മാർ മിലിത്തിയോസ് മെത്രാപ്പോലീത്ത നേതൃത്വം വഹിച്ചു.

11ന് രാവിലെ പഴയ സെമിനാരി ചാപ്പലിൽ നടന്ന വി.കുർബാനയ്ക്കും, തുടർന്നു നടന്ന വാഴ്വിനും പൗലോസ് മാർ മിലിത്തിയോസ് മെത്രാപ്പോലീത്ത മുഖ്യ കാർമികത്വം വഹിച്ചു.

കോട്ടയം ഭദ്രാസനാധിപൻ ഗീവർഗീസ് മാർ ഈവാനിയോസ്,



ഡോ. മാത്യൂസ് മാർ തീമോത്തിയോസ്, യൂഹാനോൻ മാർ പോളികാർപ്പോസ്, ഫാ.ഡോ.ജേക്കബ് കുര്യൻ, പഴയ സെമിനാരി മാനേജർ ഫാ. എം.സി.കുര്യാക്കോസ്, ഫാ.ഡോ.റെജി മാത്യു എന്നിവർ സമകാർമ്മികരായിരുന്നു.

# ദുക്റോനോ പെരുന്നാളിനോടനുബന്ധിച്ച് മാർത്തോമ്മാ സ്മൃതി സെമിനാർ നടത്തി

ദുബായ് സെന്റ് തോമസ് ഓർത്തഡോക്സ് കത്തീഡ്രൽ യുവജനപ്രസ്ഥാനനത്തിന്റെ നേതൃത്വത്തിൽ മാർത്തോമ്മാ ശ്ലീഹായുടെ ദുക്റോനോ പെരുന്നാളിനോടനുബന്ധിച്ച് മാർത്തോമ്മാ സ്മൃതി സെമിനാർ സംഘടിപ്പിച്ചു. അഭി. ഡോ. സഖറിയാസ് മാർ അപ്രേം മെത്രാപ്പോലിത്താ മുഖ്യ പ്രഭാഷണം നടത്തി. മാർത്തോമ്മൻ പൈതൃകത്തിൽ 2000 വർഷത്തെ പാരമ്പര്യമുള്ള മലങ്കര സഭയുടെ ഇന്നുള്ള ഭരണക്രമം ജനാധിപത്യത്തിന്റെയും എപ്പിസ്കോപ്പസിയുടെയും സമന്വയമാണ്. മാർത്തോമ്മാ സ്മൃതിയിലൂടെ ചരിത്രത്തെ വ്യാഖ്യാനം ചെയ്യണം. ചരിത്രത്തെ വർണിക്കുമ്പോൾ അതിന്റെ ആത്മാവിനെ കണ്ടെത്തണം. സഭ വളരണമെങ്കിൽ ഇന്നത്തെ ചില നിലപാടുകളിൽ മാറ്റം വരുത്തണമെന്നും അഭി. തിരുമേനി ചൂണ്ടിക്കാട്ടി.

ഇടവക വികാരി ഫാ. ബിജു പി. തോമസ് അദ്ധ്യക്ഷത വഹിച്ചു. നവാഭിഷിക്തനായി ഇടവകയിൽ ഇദംപ്രഥമമായി എഴുന്നള്ളിയ അഭി. തിരുമേനിക്ക് യുവജനപ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ ഊറ്റ്ഷ്മളമായ വരവേൽപു നൽകി. തുടർന്നു നടന്ന അനുമോദന സമ്മേളനത്തിൽ യുവജനപ്രസ്ഥാനം സോണൽ പ്രസിഡന്റും ജബൽഅലി




ഇടവക വികാരിയുമായ ഫാ. അജു ഏബ്രഹാം, ഇടവക സെക്രട്ടറി മേരിദാസൻ തോമസ്, യൂണിറ്റ് വൈസ് പ്രസിഡന്റ് ജോൺ പി. ജോർജ്ജ് എന്നിവർ ആശംസകൾ അർപ്പിച്ചു. തോമസ് മാത്യു സ്വാഗതവും സുനിൽ ഡേവിഡ് നന്ദിയും രേഖപ്പെടുത്തി.

# സൂര്യനു നിഴലൊരുക്കിയ പരുമലയിലെ സൂര്യതേജസ്



**അലക്സ് തെക്കൻനാട്ടിൽ**

മികച്ച ഫോട്ടോകൾ മാത്രം കടന്നു കൂടുന്ന സർക്കാർ ഫയലിലേക്ക് അങ്ങയുടെ ഒരു നല്ല ഫോട്ടോ എടുക്കാൻ കഴിയാത്തതിൽ എനിക്ക് ദുഃഖമുണ്ട്. തിരുവിതാംകൂർ കൊട്ടാരത്തിലെ സർക്കാർ ഫോട്ടോഗ്രാഫർ ഡിക്രൂസ് സായിപ്പ് പരുമല തിരുമേനിയോട് പറഞ്ഞു. ഫോട്ടോ എടുക്കാൻ പറ്റാത്തവിധം കൂടിയ വെളിച്ചമുള്ളതായിരുന്നു പ്രശ്നം.

ഒരുനിമിഷം ധ്യാനനിഷ്ഠനായി കൈയിലുണ്ടായിരുന്ന കുരിശ് (സ്ലീബാ) ആകാശത്തിലേക്കുയർത്തി തിരുമേനി കുരിശിന്റെ ആകൃതിയിൽ വാഴ്ത്തി. വിസ്മയം! കത്തിജ്വലിച്ചു നിന്ന സൂര്യനുമേൽ കാർമേഘം വന്നുമൂടി. നല്ല പാകമായ വെളിച്ചം; സ്റ്റുഡിയോ ലൈറ്റായാൽ പോലും ഇത്ര നന്നാവില്ല. ഫോട്ടോ പെട്ടെന്നെടുക്കാൻ തിരുമേനി നിർദ്ദേശിച്ചു. ഡിക്രൂസ് വേഗത്തിൽ പശ്ചാത്തലം ക്രമീകരിച്ച് തിരുമേനിയുടെ ഫോട്ടോ എടുത്തു. നിമിഷങ്ങൾ കഴിഞ്ഞപ്പോഴേക്കും മേഘം എങ്ങോ പോയി മറഞ്ഞു. കത്തിജ്വലിക്കുന്ന സൂര്യഗോളം മാത്രം.

തിരുവനന്തപുരം സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളിയങ്കണത്തിൽ പരിശുദ്ധ പരുമല തിരുമേനിയുടെ ചിത്രം ക്യാമറയിൽ പകർത്തിയ അവിസ്മരണീയ സംഭവം കഴിഞ്ഞിട്ട് വർഷങ്ങൾ പിന്നിട്ടു. 1902 ജനുവരിയിലായിരുന്നു ഡിക്രൂസ് സായിപ്പ് ഈ ചിത്രമെടുത്തത്. തിരുമേനി തിരുവനന്തപുരത്ത് ഉണ്ടെന്നറിഞ്ഞ് രണ്ടുമൂന്നു ദിവസമായി ചിത്രമെടുക്കാൻ ചെന്ന ഡിക്രൂസ് ഫോട്ടോ എടുക്കാൻ കഴിയാത്തതിൽ ഏറെ ദുഃഖിതനായിരുന്നു. ചിത്രമെടുപ്പിനുശേഷം തന്റെ സുഹൃത്തായ ചിത്രമെഴുത്ത് കെ.എം.വർഗീസിനോട് ഡിക്രൂസ് സായിപ്പ് ഈ സംഭവം പറഞ്ഞു.

തിരുമേനി പരമഭക്തൻ മാത്രമല്ല, ദിവ്യനുമായിരുന്നു. ഏതുനിലയിലും അത് ഒരു അത്ഭുതസംഭവമായിരുന്നു. തിരുവിതാംകൂർ സ്റ്റേറ്റ് മാനുവലിൽ മെത്രാപ്പോലീത്താമാരുടെ പാരമ്പര്യവേഷം കാണിക്കുന്നതിനായി ദിവാൻ പേഷ്കാർ നാഗമയ്യായുടെ ആവശ്യപ്രകാരമായിരുന്നു ഡിക്രൂസ് സായിപ്പ് പരുമല തിരുമേനിയുടെ ഫോട്ടോ എടുത്ത്.

പരുമല തിരുമേനി കുറഞ്ഞ കുപ്പായം ധരിച്ചു വടിയും മുടിയും കുരിശുമാലയുമണിഞ്ഞ് സ്ലീബാ കൈയിൽ പിടിച്ച് ഇടതുഭാഗത്തേക്ക് അൽപം ചരിഞ്ഞു നിൽക്കുന്ന അർധകായ ചിത്രമായിരുന്നു ഡിക്രൂസ് സായിപ്പിന്റേത്.

ഈ ചിത്രം തന്നെയാണ് തിരുവിതാംകൂർ സ്റ്റേറ്റ് മാനുവേലിൽ പ്രസദ്ധീകരിച്ചിരിക്കുന്നത്. തിരുമേനിയുടെ കുപ്പായത്തിന്റെ തുന്നൽ വരെ ഇതിൽ വ്യക്തമാകും. അത്രയും ജീൻ നൽകുന്ന ചിത്രമായിരുന്നു ഇത്.



***പരുമല തിരുമേനിയുടെ മറ്റു മൂന്നു ഫോട്ടോകൾകൂടിയുണ്ട്. 1876 – ൽ മെത്രാൻ സ്ഥാനം ഏറ്റ ഉടനെ എടുത്ത ചിത്രത്തിൽ മുടിവച്ച് വടിയും സ്ലീബായും പിടിചച്ച് കറുത്ത കുപ്പായം ഇട്ടിരിക്കുന്നു. 1892ൽ അൽവാറിസ് മാർ യൂലിയോസ് (ഗോവ), ഫാ. റെനിവിലാത്തി എന്നിവരോടും മറ്റു മെത്രാപ്പോലീത്തമാരോടും ഒപ്പം എടുത്ത ചിത്രം.*** 1899 – ൽ മലങ്കര മെത്രാപ്പോലീത്ത പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസ്യോസിനോടൊപ്പം എടുത്ത ചിത്രം എന്നിവയാണ് ഈ ഫോട്ടോകൾ.

ഫോട്ടോഗ്രാഫിയുടെ ചരിത്രത്തോളം പഴമയുള്ള ഈ ചിത്രം, പരുമല തിരുമേനിയെപ്പറ്റിയുള്ള ഓർമ്മകളെ സമൃദ്ധമാക്കുന്നു. അനശ്വരമാക്കുന്നു.

പരുമല തിരുമേനിയുടെ ചിത്രങ്ങളെല്ലാം ഇടതുഭാത്തേക്കു ചരിഞ്ഞും ഒരു വശത്തേക്ക് നോക്കുന്നതുമാണ്. തിരുമേനിയുടെ പൂർണ്ണമുഖസാദൃശ്യമുള്ള ഒരു ചിത്രവും ലഭ്യമായിട്ടില്ല. കാലം ചെയ്ത് അംശവടിയുമായി ഇരിക്കുന്ന ഒരു ചിത്രം കാതോലിക്കേറ്റ് അരമനയിലുണ്ട്.

വിശ്രുത ചിത്രകാരനായ കിളിമാനൂർ ചിത്രമെഴുത്ത് കോയിത്തമ്പുരാൻ വരച്ച പരുമല തിരുമേനിയുടെ എണ്ണഛായാചിത്രം പ്രസിദ്ധമാണ്. കൊട്ടാരം ആർട്ടിസ്റ്റ് പി.മുകുന്ദൻ തമ്പി, മുളന്തുരുത്തി കാട്ടാമ്പള്ളിൽ ഏബ്രഹാം മാസ്റ്റർ, മല്ലപ്പള്ളി എൻ.കെ.ആചാരി, ബേബി ചെങ്ങന്നൂർ, പുനലൂർ ബേബി, കെ.യു.സാലി, ഫാ.ജോർജ് മാത്യു മണർകാട്, ബാബു ചെങ്ങന്നൂർ എന്നിവരെല്ലാം വരച്ച ചിത്രങ്ങൾ ഡിക്രൂസ് സായിപ്പിന്റെ ക്യാമറക്കണ്ണുകൾ ഒപ്പിയെടുത്ത ചിത്രത്തിന്റെ മാതൃകയിൽ നിന്നാണ്. ഇന്തോനേഷ്യൻ ചിത്രകാരൻ ബോറിസും പരുമല തിരുമേനിയുടെ ചിത്രം വരച്ചിട്ടുണ്ട്.

ഡിക്രൂസ് സായിപ്പിന്റെ ചിത്രത്തെ പൂർണ്ണമായും അശ്രയിക്കാതെ ആർട്ടിസ്റ്റ് ബേബി (ചെങ്ങന്നൂർ) ഭാവനയിൽ നിന്ന് ക്യാൻവാസിലേക്ക് ചിത്രം പകർത്തിയിട്ടുണ്ട്. ഒന്ന് പരുമല തിരുമനേിയുടെ പൂർണ്ണകായ ചിത്രവും മറ്റൊന്ന് തിരുമേനി അംശവസ്ത്രങ്ങളണിഞ്ഞ് പടിഞ്ഞാറോട്ടു തിരിഞ്ഞു നിൽക്കുന്നതും.

പരുമല തിരുമേനിയുടെ ചിത്രം ആദ്യം അച്ചടിച്ചു പ്രസിദ്ധീകരിക്കുന്നത് കുന്നംകുളത്തുനിന്നുമാണ്. മുളന്തുരുത്തി ഏബ്രഹാം മാസ്റ്റർ വരച്ച അർദ്ധകായ ചിത്രത്തെ ആസ്പദമാക്കിയായിരുന്നു ഇത്. ഡിക്രൂസ് സായിപ്പിന്റെ ഫോട്ടോയുടെ പശ്ചാത്തലതത്തിൽ ചിത്രകാരന്മാർ നിറക്കൂട്ടുകൾ ചാലിക്കുമ്പോൾ പരുമല തിരുമേനി അനശ്വരനാകുന്നു.

## അലൈൻ പള്ളിക്ക് അബുദാബി ഗവൺമെന്റ് സ്ഥലം അനുവദിച്ചു

അലൈൻ സെന്റ് ഡയനിഷ്യസ് പള്ളിക്ക് അബുദാബി ഗവൺമെന്റ് സ്ഥലം അനുവദിച്ചു. അലൈനിലെ ഓർത്തഡോക്സ് വിശ്വാസികൾക്കായി രണ്ടരയേക്കർ സ്ഥലമാണ് സൗജന്യമായി ലഭിച്ചിരിക്കുന്നത്. ഗൾഫ് മേഖലയിൽ ഏറ്റവും വിസ്തീർണ്ണമുള്ള മലങ്കര സഭയുടെ സ്ഥലമാണിത്. യു. എ. ഇ പൗരത്വമുള്ള മലങ്കര സഭാംഗമായ ഡോ. ജോർജ്ജ് മാത്യുവിന്റെ ഇക്കാര്യത്തിനുള്ള സേവനം വളരെ വിലപ്പെട്ടതാണ്.

## കുട്ടികളിൽ ആവേശത്തിരയിളക്കി കുസൃതിക്കൂട്ടം സമാപിച്ചു

ജൈവവൈവിധ്യ വർഷമായ 2010–ൽ എന്റെ ഭൂമി, എന്റെ ജീവൻ എന്ന സന്ദേശം നൽകി അബുദാബി യുവജനപ്രസ്ഥാനം രൂപംകൊടുത്ത കുസൃതിക്കൂട്ടം കുട്ടികളിൽ ഉൽസവാവേശമുണർത്തി. കേരളമണ്ണിൽനിന്ന് നഷ്ടമാകുന്ന വയൽ, കണ്ടൽ, കാവ്, ആശാൻപള്ളിക്കൂടം എന്നീ പേരുകളിലുള്ള നാലു മൂലകളിലായിട്ടാണ് ക്ലാസ്സുകൾ ക്രമീകരിച്ചത്. കാട് സംരക്ഷിക്കുവാനും, ഭൂമിയിലെ ജൈവവൈവിധ്യം നിലനിർത്തുവാനുമുള്ള സന്ദേശം നിറഞ്ഞ ലഘുനാടകം കൊച്ചുകൂട്ടുകാർക്ക് ആവേശമായി. പുത്തൻ അനുഭവമായി. കുട്ടികൾതന്നെ വാർത്തകൾ ശേഖരിച്ചു പ്രസിദ്ധീകരിച്ച കുസൃതി കിഡ്സ് ഡെയ്‌ലി സമാപന സമ്മേളനത്തിൽ പ്രകാശനം ചെയ്തത് വിസ്മയമായി.

